# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 3 March 2020



## ഒറ്റപ്പെടലിന്റെ വേദന

പേജ് 21

Editorial

# ധൈര്യം പകരുന്ന വചനം പങ്കിടുക

ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ മടുപ്പു മനസ്സിലുണ്ടാകും. സാധിച്ചെടുക്കേണ്ട ഒരു അത്യാവശ്യകാര്യത്തിലേർപ്പെടുന്ന ആൾ ജോലിയിൽ മുഷിഞ്ഞ് പ്രവൃത്തി മുഴുമിപ്പിക്കാതെ മടുത്തു പിന്മാറിയാൽ അക്കാര്യം സാധിക്കാതെ പോകും. പിന്മാറുന്നതല്ലല്ലോ പരിഹാരം, കാര്യം സാധിക്കാതെ പോയതിന്റെ കാരണം കണ്ടെത്തുകയായിരുന്നു വേണ്ടത്. മടുത്തുപിന്മാറുകയോ, നിഷ്ക്രിയരാകുകയോ ചെയ്താൽ തുടങ്ങിവെച്ചതും അതുവരെ ചെയ്തതും പാഴാകും. അവസാന ടേം വരെ പഠിച്ച ഒരു കുട്ടി പരീക്ഷയ്ക്കു മുമ്പു മടുത്തു പിന്മാറിയാൽ എന്തായിരിക്കും ഫലം? ആത്മികജീവിതത്തിലും ആത്മിക ശുശ്രൂഷയിലും ഇടയ്ക്കു പിന്മാറുന്നവരെക്കൊണ്ടു ദൈവരാജ്യത്തിനെന്തു പ്രയോജനം?

മടുത്തും കുഴഞ്ഞും നില്ക്കുന്നവരെ തള്ളിക്കളകയല്ല ദൈവം ചെയ്യുന്നത്, നാമും അങ്ങനെയല്ല ചെയ്യേണ്ടത്. അവർക്കു പ്രോത്സാഹനമാണ് ആവശ്യം. ധൈര്യപ്പെടുത്തുകയും ഉത്സാഹിപ്പിക്കയും ചെയ്യുന്ന പ്രബോധനങ്ങൾ ദൈവവചനത്തിലുണ്ട്. "തളർന്ന കൈകളെ ബലപ്പെടുത്തുവിൻ, കുഴഞ്ഞ മുഴങ്കാലുകളെ ഉറപ്പിപ്പീൻ, മനോഭീതിയുള്ളവരോട്, ധൈര്യപ്പെടുവിൻ, ഭയപ്പെടേണ്ട, ഇതാ നിങ്ങളുടെ ദൈവം... അവൻ വന്നു നിങ്ങളെ രക്ഷിക്കും എന്നു പറവീൻ" (യെശയ്യാവ് 35:3). ധൈര്യം പകരുന്ന വചനങ്ങളിലേക്കും വചനത്തിലെ കർത്താവിലേക്കും വിരൽ ചൂണ്ടി ആളുകളെ ഉത്സുകരാക്കുവാനാണ് ഇത്തരം വചനങ്ങൾ നമ്മെ പ്രബോധിപ്പിക്കുന്നത്. വിശ്വാസികളിൽ മടുപ്പുണ്ടാകുമെന്ന് മുൻകണ്ട പരിശുദ്ധാത്മാവ് അതിനു സാധ്യതയുള്ള പല മേഖലകളെക്കുറിച്ചും മുന്നറിയിപ്പുകൾ വചനത്തിലൂടെ തന്നിട്ടുണ്ട്. അവയെ ക്രമീകൃതമായി ഒരുക്കിയെടുത്ത് പരിഹാരം നിർദ്ദേശിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. ശ്രദ്ധയോടെ വായിച്ച് ഉൾക്കൊണ്ടാൽ നമ്മുടെ പോരായ്മകളെ കണ്ടെത്തി തിരുത്തി ഊർജസ്വലരാകാനും മറ്റുള്ളവരെ കൈത്താങ്ങാനും സാധിക്കും.

ഉത്സാഹരഹിതമായ വേല, കണ്ടുനില്ക്കുന്നവരെപ്പോലും അസഹ്യപ്പെടുത്തും. അപ്പോൾ വേലയ്ക്കു നിയോഗിച്ച യജമാനന്റെ കാര്യം പറയേണ്ടതില്ലല്ലോ. കൂലിയെക്കുറിച്ചു ബോധ്യമില്ലാതെവന്നാൽ ചെയ്യുന്നത് പാഴ്വേലയായി തോന്നാം. യജമാനനെക്കുറിച്ചുള്ള ബോധ്യക്കുറവാണ് അതിനു കാരണം. നാം നിത്യതയ്ക്കായി സമ്പാദിക്കുന്ന വേലയിലാണല്ലോ വ്യാപൃതരായിരിക്കുന്നത്. അന്നന്നത്തെ ആഹാരത്തിനായുള്ള ഭൗതിക ജോലിപോലെയല്ല ആത്മിക ഉത്തരവാദിത്തങ്ങളുടെ നിർവ്വഹണം, നമുക്കുവേണ്ടത് ഏറിയ നിക്ഷേപമാണ്. ഉത്സാഹിയുടെ കൈ സമ്പത്തുണ്ടാക്കും. നിക്ഷേപത്തിന്റെ തോതും വളർച്ചയുമൊന്നും തിട്ടപ്പെടുത്തുവാൻ ഭൗതികമായ മാനദണ്ഡങ്ങളാൽ സാധ്യമല്ലാത്തതിനാൽ അതിനു നാം മുതിരേണ്ടതില്ല. യജമാനൻ ഏല്പിച്ചത് അത്യുത്സാഹത്തോടെ നിവർത്തിക്കുക, അതാണു ചെയ്യേണ്ടത്. അവിടത്തെ വിശ്വസ്തത നാം അറിഞ്ഞു ബോധ്യപ്പെടുവാനിരിക്കുന്നതേയുള്ളൂ. നമ്മുടെ ഭൗതിക ആവശ്യങ്ങളുടെ നിർവ്വഹണത്തിന് ദൈവം മതിയായവനെന്ന് എത്ര തവണ ബോധ്യപ്പെട്ടിട്ടുള്ളതാണ്. നശ്വരമായതിൽ ഇത്രത്തോളമെങ്കിൽ അനശ്വരതയിൽ സംഗ്രഹിച്ചു വെച്ചിരിക്കുന്ന അനുഗ്രഹങ്ങൾ അനിർവചനീയമായിരിക്കും. ധൈര്യപ്പെടുക, ധൈര്യപ്പെടുത്തുക.

സാരസമ്പൂർണമായ നിരവധി ലേഖനങ്ങളുടെ കലവറയായ മാർച്ചു ലക്കം നേർവീഥി ഏവർക്കും അനുഗ്രഹമാകട്ടെ.

പുസ്തകം 9 ലക്കം 3
മാർച്ച് 2020

# ഈ ലക്കത്തിൽ

**മടുത്തുപോകരുത്** 4
ജോയ് എം. തോമസ്

**ഈ തലമുറ ദിവ്യദർശനങ്ങൾ കാണണം** 7
സാജു മാത്യു

**ദൈവം മനുഷ്യനെ ഭോഷനാക്കുമോ ?** 9
ബാബു ചെറിയാൻ

**അനുതപിക്കുന്നവർക്കു ലഭിക്കുന്ന നന്മ** 11
ഡേവിഡ് വിൽക്കേഴ്സൺ

**ദൈവത്തിന്റെ തിരുഹിതം** 12
റിൻസി ചെറിയാൻ

**വാക്കുകളിൽ വ്യത്യസ്തരാവുക** 15
ഡോ. സജികുമാർ കെ. പി.

**ലക്ഷ്യപ്രാപ്തിക്കായി മിടിക്കുന്ന ഹൃദയം** 17
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**യേശുക്രിസ്തു ഏകരക്ഷാമാർഗം...** 19
ചെയ്സ് ജോസഫ്

**വനിതാ വീഥി** 21
എൽസി ജോയ്

**ദൈവസഭയുടെ പ്രാർഥന** 23
ജോൺ തോമസ്

**പ്രവാചകനിലും മികച്ചവൻ** 25
ജോയ് എം. തോമസ്

**ശിഷ്യത്വവും നേതൃത്വവും** 28
റോയി മാർക്കര

**പ്രതിസന്ധികൾക്കുണ്ട് ഒരു മറുപുറം** 31
കെ.വി. രാജു

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**

എഡിറ്റർ
**കെ.വി. രാജു**

കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**

മാനേജർ
**പി.വി. വർഗീസ്**

അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**

ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 8547916678**
**Editor : 9447764084**

**www.nerveedhi.com**
e-mail:
editornerveedhi@gmail.com
nerveedhi@yahoo.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.

Annual Subscription ` 200.00



# മടുത്തുപോകരുത്

ജോയ് എം. തോമസ്

വലിയ ഒരു ധനവാന്റെ കാര്യാദികൾ നോക്കി നടത്തിയിരുന്ന വിശ്വസ്ത നായ ഒരു മനുഷ്യനുണ്ടായിരുന്നു. വളരെ വർഷങ്ങളായി വിശ്വസ്തതയോടെ ജോലി ചെയ്തിട്ടും അർഹമായ പ്രതിഫലം തനിക്കു ലഭിക്കുന്നില്ല എന്ന ചിന്ത അദ്ദേഹത്തിനു തന്റെ ജോലിയിൽ മടുപ്പുളവാക്കി. അതിനാൽ ആ ജോലി യിൽ നിന്നും വിരമിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. തീരുമാനം അറിഞ്ഞ അദ്ദേഹത്തിന്റെ ബോസ് ചിന്താമഗ്നനായി അല്പസമയം ഇരുന്നശേഷം ഇപ്ര കാരം പറഞ്ഞു. "ഒരു മനോഹരമായ വീടുകൂടി പണിതു തന്നിട്ടു താങ്കൾ ജോലിയിൽ നിന്നും വിരമിച്ചുകൊൾക." വീടു നിർമ്മിക്കുന്നതിനു ഭംഗിയുള്ള ഒരു സ്ഥലവും അദ്ദേഹം നിർദ്ദേശിച്ചു. ഹൃദയത്തിൽ മടുപ്പ് അനുഭവപ്പെട്ട ഇദ്ദേഹം വീടിന്റെ പണികൾ ഒരു ഉഴപ്പൻ മനോഭാവത്തോടുകൂടിയാണ് ചെയ്തി ച്ചത്. അതിനാൽ വീടിനു പല അപാകതകളും ഉണ്ടായിരുന്നു. പണി തീർത്തു താക്കോൽ ധനവാനു കൈമാറുമ്പോൾ അദ്ദേഹം പറഞ്ഞു, "താങ്കൾ ഇത്രയും കാലം വളരെ വിശ്വസ്തതയോടെ എന്റെ കാര്യാദികൾ നടത്തിത്തന്നു. പിരിഞ്ഞു പോകുമ്പോൾ യോഗ്യമായ പ്രതിഫലം തന്നയക്കുവാൻ ഞാൻ ആഗ്രഹിച്ചു. അതിനാൽ ഇപ്പോൾ പണിത വീടു താങ്കൾക്കായി പണിതതാ ണ്." ആ മനുഷ്യനുണ്ടായ കുറ്റബോധം പറയേണ്ടതില്ലല്ലൊ!

**"താങ്കൾ ഇത്രയും കാലം വളരെ വിശ്വസ്തത യോടെ എന്റെ കാര്യാദികൾ നടത്തിത്തന്നു. പിരിഞ്ഞു പോകുമ്പോൾ യോഗ്യമായ പ്രതിഫലം ത ന്നയക്കുവാൻ ഞാൻ ആഗ്ര ഹിച്ചു. അതി നാൽ ഇപ്പോൾ പണിത വീടു താങ്കൾക്കായി പണിതതാണ്." ആ മനുഷ്യനു ണ്ടായ കുറ്റ ബോധം പറ യേണ്ടതി ല്ലല്ലൊ!**

മടുത്തുപോകരുത് എന്നതു നമ്മെക്കുറിച്ചുള്ള ദൈവഹിതമാണ്. നാം ചെയ്യുന്നതെല്ലാം ദൈവത്തിനെന്നപോലെ ഉത്സാഹത്തോടും നിപുണതയോടും ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവം നമുക്കായി പ്രതിഫലം കരു തിയിട്ടുണ്ട്. മടുപ്പിനെ അതിജീവിക്കേണ്ട മൂന്നു മേഖലകൾ മാത്രം ഈ സന്ദേ ശത്തിൽ നിങ്ങളോടു പങ്കിടുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**I. നന്മ ചെയ്യുന്നതിൽ മടുത്തുപോകരുത്.**

നാം ക്രിസ്തുവിൽ സൽപ്രവൃത്തികൾക്കായിട്ടു സൃഷ്ടിക്കപ്പെട്ടവരാണ് (എ ഫെസ്യർ 2: 10). അതിനാൽ നന്മ ചെയ്യുന്നതു നമ്മുടെ ജീവിത ശൈലിയാ യിരിക്കണം. ഹൃദയത്തിൽ പകയോ, വൈരാഗ്യമോ ആരോടും വെച്ചു പുലർത്തുന്നതു നമുക്കു ഉചിതമല്ല. സ്നേഹത്തിൽ നിന്നു മാത്രമേ മറ്റുള്ള വർക്ക് നന്മ ആഗ്രഹിക്കുവാൻ നാം പ്രാപ്തരാകുകയുള്ളൂ. നന്മ ചിന്തിക്കു ന്നവർക്കേ നന്മ പ്രവർത്തിക്കുവാൻ കഴിയൂ!

"നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്; തളർന്നു പോകാഞ്ഞാൽ തക്ക സമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാ വർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക" (ഗലാത്യർ 6:9,10).

പൗലോസ് നൽകുന്ന പ്രബോധനം വളരെ പ്രധാനപ്പെട്ട ഒന്നാണ്. നന്മ ചെയ്യുന്നതിൽ നാം മടുത്തുപോകരുത്. ഹൃദയത്തിൽ നിരുത്സാഹം അനുഭ വപ്പെടുന്ന ഒരു മേഖലയാണ് ഇത്. കാരണം പലതായിരിക്കാം.

1) നാം നന്മ ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുമ്പോൾ അത് അപരനു

മനസ്സിലാക്കുവാൻ കഴിയാതെ പോകുന്നു.

2) നന്മ അനുഭവിക്കുന്നവരുടെ നന്ദിയില്ലാത്ത മനോഭാവവും ഇടപെടലും.

3) നന്മ ചെയ്യുമ്പോഴും തിന്മ തിരികെ ലഭിക്കുന്ന അനുഭവം.

4) നന്മയെ നന്മയായി തിരിച്ചറിഞ്ഞു അംഗീകരിക്കയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാത്ത അവസ്ഥ.

5) നാം നേരിടുന്ന തിന്മകൾ നമ്മിലുണ്ടാക്കുന്ന സമ്മർദ്ദം. അതു നമ്മെ നിരാശപ്പെടുത്തുന്നതാണ്.

നിരുത്സാഹപ്പെടുത്തുന്ന സാഹചര്യങ്ങളിലും മടുക്കാതിരിക്കുക എന്നതിലാണ് നാം ശ്രദ്ധിക്കേണ്ടത്. നന്മ ചെയ്യുന്നതു വിതയോടാണ് ഉപമിച്ചിരിക്കുന്നത്. വിതച്ചാൽ ഉടൻ കൊയ്തെടുക്കുവാൻ കഴിയില്ല. കൊയ്ത്തിന്റെ സമയത്തിനായി കാത്തിരിക്കണം. അതേപോലെ നന്മ ചെയ്യുന്നതിനെല്ലാം തക്കസമയത്തു പ്രതിഫലം ഉണ്ട്. ഈ ശുഭാപ്തിവിശ്വാസം നാം കൈവിടരുത്. നന്മ ചെയ്യുന്നതിൽ നാം നമ്മെത്തന്നെ ഉത്സാഹിപ്പിച്ചു മുന്നേറണം.

നന്മ ചെയ്യുന്നതിനുള്ള അവസരം എല്ലാവർക്കും ലഭിക്കും. ആ അവസരങ്ങളെ അലക്ഷ്യമാക്കരുത്; സ്വാർഥത നമ്മെ തടയരുത്. ആർക്കൊക്കെ നന്മ ചെയ്യണം എന്ന ചോദ്യത്തിനു നാം ചിന്തിച്ച വാക്യത്തിൽ മറുപടി ഉണ്ട്. 'എല്ലാവർക്കും' ജാതി മത ഭാഷാവ്യത്യാസമില്ലാതെ എല്ലാവർക്കും. എന്നാൽ വിശേഷാൽ സഹവിശ്വാസികൾക്കും എന്നൊരു പ്രയോഗവും നാം അവിടെ കാണുന്നു. നാം എപ്പോഴും കണ്ടുമുട്ടുകയും ഒരുമിച്ചു സഹകരിക്കുകയും ചെയ്യുന്ന ആത്മിക കുടുംബമാണ് സഭ. നമ്മുടെ പ്രിയപ്പെട്ടവരുടെ കാര്യത്തിൽ നാം ശ്രദ്ധയുള്ളവരും സഹായ സഹകരണങ്ങൾ ഉറപ്പു വരുത്തുന്നവരും ആയിരിക്കണം. സഭ ഒരു കുടുംബം പോലെ ആയിരിക്കുമ്പോൾ അതു വലിയ സാക്ഷ്യമാണ്. മറ്റുള്ളവർ സഭയിലേക്കു കടന്നുവരുന്നതിനും ദൈവസ്നേഹം തിരിച്ചറിയുന്നതിനും ഇതു സഹായകവുമാണ്. എല്ലാറ്റിനും ഉപരി ശരിയായ 'കൂട്ടായ്മ' നാം ആചരിക്കുന്നതിനാലാണ് നമുക്കും സന്തോഷവും സുരക്ഷിതത്വവും അനുഭവപ്പെടുന്നത്. ഇപ്രകാരമുള്ള ഒരു അന്തരീക്ഷത്തിൽ നമുക്കു ആത്മികമായി ഉയരുവാനും കഴിയുന്നു. ഈ സഹവർത്തിത്വം കണ്ടും അനുഭവിച്ചും വളരുന്ന കുട്ടികൾ ആത്മിക ജീവിതത്തിൽ വേരോട്ടമുള്ളവരും ദൈവത്തിലുള്ള വിശ്വാസത്തിൽ ഉറപ്പുള്ളവരും പരസ്പര വിശ്വാസവും ബഹുമാനവും ഉള്ളവരുമായി വളരും. അവർക്കു ലഭിക്കുന്ന ഈ ആത്മിക സംസ്കാരം വലിയ ഒരു ധനമാണ്. ഇപ്രകാരമുള്ള ആത്മിക സംസ്കാരത്തിന്റെ അഭാവം ഇന്നു വലിയ ഒരു വെല്ലുവിളിയായിരിക്കുന്നു.

**II. ഉത്സാഹത്തിൽ മടുപ്പുണ്ടാകരുത്**

നാം ഉത്സാഹികൾ ആയിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. 'ഉത്സാഹം' എന്നതു ദൈവത്തിന്റെ പ്രകൃതമാണ്. അലസത, ഉദാസീനത ഒക്കെ ദൈവം വെറുക്കുന്ന പ്രകൃതങ്ങൾ ആണ്. വചനം നൽകുന്ന പ്രബോധനം ശ്രദ്ധിക്കുക. "ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" (റോമർ 12 : 11).

അലസത ചിലരിൽ അങ്ങനെതന്നെയുള്ള പ്രകൃതമാണ്. അത്തരത്തിലുള്ളവർക്കു ജീവിതത്തിൽ പരാജയം ഏറ്റുവാങ്ങേണ്ടിവരും. ഈ പ്രകൃതത്തെ ബോധപൂർവ്വം മാറ്റി എടുക്കണം. താലന്തുകളുടെ ഉപമയിൽ ഒരു താലന്തു ലഭിച്ചവനെ 'ദുഷ്ടനും മടിയനുമായ' ദാസൻ എന്നാണ് യജമാനൻ വിളിക്കുന്നത് (മത്തായി 25 : 26). അലസത അവിശ്വസ്തതയ്ക്കു കാരണമായി. വിശ്വസ്തരായിരിക്കണം എങ്കിൽ നാം ഉത്സാഹികൾ ആയിരിക്കണം.

ഉത്സാഹത്തിനു ലക്ഷ്യബോധവും ആത്മവിശ്വാസവും ഒരേപോലെ അത്യാവശ്യമാണ്. ക്രിസ്തീയ ജീവിതം ലക്ഷ്യത്തിൽ ഊന്നിയുള്ള ജീവിതമാണ്. അതുകൊണ്ടാണ് നമുക്കു പ്രത്യാശയുള്ളത്. 'യേശുവിനെ നേടുക' എന്നതു നമുക്കു ആത്യന്തിക ലക്ഷ്യമാണ്. തന്നിമിത്തം കർത്താവിന്റെ വരവിൽ മനസ്സ് ഉറപ്പിച്ചു ഉണർന്നു, കാത്തിരിക്കുന്ന ജീവിതമാണ് നമ്മുടേത്. നമ്മുടെ പ്രത്യാശക്കു ഭംഗം വരില്ല, കാരണം കർത്താവു വാഗ്ദത്തം ചെയ്തതുപോലെ മടങ്ങിവരും എന്നതു സുനിശ്ചിതമാണ്.

നമ്മുടെ ആത്മവിശ്വാസത്തിന്റെ ആധാരം കർത്താവു നമ്മോടുകൂടെ ഉണ്ടെന്നുള്ളതാണ്. നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവാം സഹായകൻ എപ്പോഴും കൂടെ ഉണ്ടെന്നതിനാൽ എല്ലാറ്റിനും അവൻ നമ്മെ പ്രാപ്തരാക്കുന്നു. കർത്താവിനോടുള്ള ആത്മബന്ധം നാം സൂക്ഷിക്കുന്നതിനാൽ നമുക്കു എപ്പോഴും ഉത്സുകരായിരിക്കുവാൻ കഴിയും.

നാം കർത്താവിനായി ജീവിക്കുന്നവരാണ്. നമ്മുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും കർത്താവിന്റെ ഇഷ്ടത്തിനാണ് പ്രാമുഖ്യം. തിന്നാലും കുടിച്ചാലും എന്തു ചെയ്താലും കർത്താവിനെ പ്രസാദിപ്പിക്കുന്നവരാകുക എന്ന

താണ് നമുക്കു അഭികാമ്യമായിട്ടുള്ളത്. അതിനാൽ **മനുഷ്യരിൽ നിന്നുള്ള പ്രോത്സാഹനമോ, അഭിനന്ദനങ്ങളോ നമ്മുടെ പ്രതീക്ഷ ആകുവാൻ പാടില്ല. ദൈവത്തിന്റെ മുഖത്തു ഒരു പുഞ്ചിരി ഉണ്ടോ എന്നതായിരിക്കണം നമ്മുടെ ശ്രദ്ധ. നാം ഒറ്റപ്പെട്ടവരായാലും കർത്താവു കൂടെയുണ്ടെന്നുള്ളതു അനുഭവപ്പെടുന്നു എങ്കിൽ ഒറ്റപ്പെടുന്നില്ല എന്നതാണ് വാസ്തവം.** അതിനാൽ നിരുത്സാഹത്തിനു കാരണം ഇല്ലാതാകുന്നു.

**III. പ്രാർഥനയിൽ മടുപ്പുണ്ടാകരുത്**

പ്രാർഥന നമ്മുടെ ജീവശ്വാസമാണ്. കർത്താവുമായുള്ള നമ്മുടെ ആത്മബന്ധത്തിൽ നിന്നാണ് പ്രാർഥന ഉളവാകേണ്ടത്. എന്നാൽ ജാതികളായിരിക്കുന്നവർ, അഥവാ കർത്താവിനെ സ്വീകരിക്കാതെ അന്യരായിരിക്കുന്നവർ പ്രാർഥിക്കുന്നതു അവരുടെ ആവശ്യങ്ങൾക്കനുസരണമായിട്ടാണ്. നാം അങ്ങനെ ആകരുത് എന്നു കർത്താവു പറഞ്ഞിട്ടുണ്ട്. (മത്തായി 6 :7, 8). പ്രാർഥനയിൽ മടുപ്പുണ്ടാകുന്നതു കർത്താവിലുള്ള വിശ്വാസത്തിന്റെ അഭാവത്താലാണ്. വിശ്വാസം കുറയുന്നതു കർത്താവുമായി ആത്മബന്ധം വളരാത്തതിനാലാണ്.

മടുത്തുപോകാതെ പ്രാർഥിക്കണം എന്നതു കർത്താവു നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു (ലൂക്കോസ് 18 :1). സദാകാലം ഉണർന്നു പ്രാർഥിക്കണമെന്നു കർത്താവു നമുക്കു നിർദ്ദേശം നൽകിയിരിക്കുന്നു (ലൂക്കോസ് 21 : 36). ഇടവിടാതെ പ്രാർഥിക്കുക എന്നതു നമ്മെക്കുറിച്ചു ക്രിസ്തുവിലുള്ള ദൈവഹിതമാണെന്നും വ്യക്തമായി വചനത്തിൽ എഴുതിയിരിക്കുന്നു (1 തെസ്സലൊനീക്യർ 5 : 17). അതിനാൽ പ്രാർഥനയിൽ മടുപ്പുണ്ടാകുവാൻ പാടില്ല.

വ്യക്തിപരമായ പ്രാർഥന നമുക്കു ഓരോരുത്തർക്കും തുടർമാനമായ അനുഭവം ആയിരിക്കണം. നന്നാ രാവിലെയും, രാത്രിയിലും പിതാവുമായി പ്രാർഥനയിൽ സമയം ചിലവിടുന്നതിനു യേശുകർത്താവു തന്റെ സ്വജീവിതത്തിലൂടെ നമുക്കു മാതൃക കാണിച്ചിട്ടുണ്ട് (മർക്കൊസ് 1 : 35; ലൂക്കോസ് 6 : 12). കുടുംബപ്രാർഥനയുടെ പ്രാധാന്യം വചനം നമ്മെ പഠിപ്പിക്കുന്നു (1 പത്രോസ് 3 : 7; 1 കൊരിന്ത്യർ 7 : 5). സഭയായി ഒരുമിച്ചുള്ള പ്രാർഥനയും വളരെ പ്രാധാന്യം അർഹിക്കുന്നു. (അപ്പോസ്തല പ്രവൃത്തികൾ 12 : 5, 12). പ്രാർഥനയിൽ മടുപ്പുണ്ടായാൽ ആത്മിക ജീവിതം മുരടിച്ചുപോകും. കർത്താവുമായുള്ള ആത്മബന്ധത്തിനു ഇളക്കമുണ്ടാകുന്നതിനാൽ അതു പിന്മാറ്റമായിത്തീരും. അതിനാൽ നാം വളരെ ജാഗ്രതയുള്ളവരായിരിക്കണം.

ആരംഭത്തിൽ വളരെ തീഷ്ണതയും ഉത്സാഹവും ഉണ്ടായിരുന്നവർ ഇന്നു പലരും മടുത്ത അവസ്ഥയിലാണ്. പിശാചിന്റെ തന്ത്രത്തിൽ കുടുങ്ങിപ്പോയിരിക്കുന്നു. പിന്മാറ്റത്തിൽ നിന്നും മടങ്ങിവരണം. എഫെസോസിലെ സഭയ്ക്കു നൽകിയ ദൂത് ഇതോടു ചേർത്തു വായിച്ചാലും. "എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ടു. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക" (വെളിപ്പാട് 2: 4, 5). ■

# ഒരു നാൾ വരുന്നു...

**ജലപ്രളയം ഉണ്ടാകും എന്നു ആ തലമുറയിലെ ജനം കരുതിയില്ല എന്നാൽ ഒരുനാൾ അതുണ്ടായി**

**ഉണങ്ങിയ നിലം ഇനി കാണുകയില്ല എന്നു പെട്ടകത്തിലുള്ളവർ കരുതി ഒരുനാൾ അതുണ്ടായി**

**തങ്ങൾക്കൊരു മകനുണ്ടാകുമെന്നു സാറാ കരുതിയില്ല എന്നാൽ ഒരുനാൾ അതുണ്ടായി**

**മിസ്രയീമിലെ അടിമത്തം തീരുമെന്നു യിസ്രായേല്യർ കരുതിയില്ല ഒരുനാൾ അതുണ്ടായി**

**ഒരു മശിഹാ ജനിക്കുമെന്നു പല യഹൂദരും കരുതിയില്ല ഒരുനാൾ അതുണ്ടായി**

**യേശു ഉയിർത്തെഴുന്നേല്ക്കുമെന്ന് ആരും കരുതിയില്ല ഒരുനാൾ അതുണ്ടായി**

**യേശു മടങ്ങിവരുമെന്നത് ഇന്നു പലർക്കും സംശയമാണ് ഒരുനാൾ അതുണ്ടാകും**



സാജു മാത്യു

# ഈ തലമുറ ദിവ്യദർശനങ്ങൾ കാണണം

***"ഞാൻ കെബാർ നദീതീരത്ത് പ്രവാസികളുടെ ഇടയിൽ ഇരിക്കുമ്പോൾ സ്വർഗം തുറന്നു. ഞാൻ ദിവ്യദർശനങ്ങളെ കണ്ടു" (യെഹെസ്കേൽ 1 : 1).***

യെഹെസ്കേൽ ദൈവദർശനങ്ങൾ കണ്ടുതുടങ്ങുന്നതിന്റെ പ്രഥമ വിവരങ്ങളാണിവ. ദൈവദർശനം പിന്നീടു തുടർമാനമായി യെഹെസ്കേലിന്റെ ജീവിതത്തിലുണ്ടായി എന്നു നമുക്കറിയാം. ഇപ്രകാരമൊരു ദൈവദർശനം ഈ സമയത്ത് യെഹെസ്കേൽ ഒരിക്കലും പ്രതീക്ഷിച്ചിരിക്കില്ല. അതിനു കാരണങ്ങൾ പലതുണ്ട്. ഒന്നാമത്, യെഹെസ്കേലിന്റേത് ഒരു പ്രവാചക പാരമ്പര്യമല്ല. അദ്ദേഹം ഒരു പുരോഹിതനായിരുന്നു (യെഹെസ്കേൽ 1 : 3). പ്രവാചകന്മാർക്കാണല്ലോ സാധാരണ ദൈവദർശനങ്ങളുണ്ടാകുക.

ഇനി പുരോഹിതനു ദർശനമുണ്ടായേക്കാമെങ്കിലും അതു ബാബിലോണിൽ വെച്ചുണ്ടാവുമെന്ന് അന്നത്തെ ദൈവശാസ്ത്ര പശ്ചാത്തലത്തിൽ വിശ്വസിക്കുവാൻ പ്രയാസം. യിസ്രായേലിന്റെ ദൈവം യഹോവയാണെന്നു യിസ്രായേൽമക്കൾക്കൊക്കെ അറിയാം. എന്നാൽ യിസ്രായേലിനു പുറത്തും യഹോവ തന്നെയാണു ദൈവം എന്നു മനസ്സിലാക്കുന്നതിൽ പലപ്പോഴും അവർ പരാജയപ്പെട്ടു. യെരുശലേമിനു പുറത്ത് യഹോവയെ ആരാധിക്കുന്നതുതന്നെ അവർക്ക് അചിന്തനീയമായിരുന്നു. അതുകൊണ്ടാണ്, ബാബേൽ നദിയുടെ തീരത്തിരുന്നു വിലപിക്കുന്ന യിസ്രായേല്യർ "യഹോവയുടെ ഗീതം അന്യദേശത്തു പാടുന്നത് എങ്ങനെ?" എന്നു ചോദിക്കുന്നത് (സങ്കീർത്തനം 137 : 4).

യെഹെസ്കേൽ അപ്പോൾ യെരുശലേമിൽ അല്ല, ബാബിലോണിലാണ്. കൃത്യമായി പറഞ്ഞാൽ കെബാർ നദിയുടെ തീരത്ത്. തലസ്ഥാനനഗരിയുടെ 200 മൈൽ വടക്ക് യൂഫ്രട്ടീസിൽ ഒഴുകിച്ചേരുന്ന ഒരു മെസൊപ്പൊട്ടോമ്യൻ നദിയാണു കെബാർ. യെരുശലേമിൽ നിന്നും നെബുഖദ്നേസർ പിടിച്ചുകൊണ്ടുപോയ പ്രവാസികളുടെ ഇടയിലാണു താൻ (യെഹെസ്കേൽ 1 :1) എന്നു യെഹെസ്കേൽ സാക്ഷിക്കുന്നു.

പല വേദപഠിതാക്കളുടെയും കണക്കുകൂട്ടലിൽ അപ്പോൾ യെഹെസ്കേലിന് 30 വയസ്സു പ്രായം ഉണ്ടായിരിക്കണം. യെരുശലേമിലായിരുന്നുവെങ്കിൽ അപ്പോൾ അവനു പുരോഹിത ശുശ്രൂഷയിലേക്കു പ്രവേശിക്കാമായിരുന്നു (സംഖ്യാപുസ്തകം 4 : 23, 30 താരതമ്യം ചെയ്യുക). എന്നാൽ എന്തു ചെയ്യാം! ഇപ്പോൾ അന്യദേശത്ത് അടിമയായി കഴിയുമ്പോൾ ദൈവത്തെ എങ്ങനെ സേവിക്കാൻ കഴിയും?

ദൈവത്തെ സേവിക്കുവാനുള്ള അഭിവാഞ്ഛയിൽ, അടിമദേശത്തായിരുന്നതിനാൽ അതിനു കഴിയാത്തതിലുള്ള നിരാശയിൽ, വിഷാദമഗ്നനായി കെബാർ നദിയുടെ തീരത്തിരുന്ന യെഹെസ്കേലിനു ദൈവം സ്വർഗം തുറന്നു കാണിച്ചുകൊടുത്തു. "നീ വിഷമിക്കേണ്ട.... യെരുശലേമിൽ മാത്രമല്ല ഇവിടെയും എനിക്കു പ്രവർത്തിക്കാനാവും. ബാബിലോണിലെ ആകാശത്തിലും ഞാൻ തന്നെയാണു വാഴുന്നത്" എന്ന് അവനോടു പറയാനുംകൂടെയായിരിക്കണം ദൈവം അവന് ഇവിടെ ദർശനം നൽകുന്നത്. ദൈവത്തെ അന്വേഷിക്കുന്നവനു ദൈവം എവിടെയും വെളിപ്പാടു നൽകുന്നു. ലോകത്തിനു ഒരുപക്ഷെ നമ്മെ ചങ്ങലയ്ക്കിടാൻ കഴിഞ്ഞേക്കാം. എന്നാൽ ആകാശത്തിനു ചങ്ങലയിടാൻ ആർക്കും കഴിയില്ല. ബാബിലോണിലും ദൈവത്തിനു സ്വർഗം തുറക്കാൻ കഴിയും. റോമൻ ചക്രവർത്തി യോഹന്നാൻ അപ്പോസ്തലനെ കർത്തൃസേവ നിമിത്തം പത്മോസിന്റെ ഏകാന്തതയിലേക്കു തള്ളിയിട്ടു. എന്നാൽ ആ ഏകാന്തതയെ കീറിമുറിച്ചെത്തി യേശുകർത്താവ് തന്റെ കൂട്ടായ്മ കൊണ്ടു യോഹന്നാനെ ധന്യനാക്കി.

യെഹെസ്ക്കേലിന്റെ പാരമ്പര്യം പുരോഹിത പാരമ്പര്യമാണ്. എന്നാൽ ദൈവത്തിനിപ്പോൾ ആവശ്യം ഒരു പ്രവാചകനെയാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ദൈവത്തിന്റെ ശുശ്രൂഷക്കാരായി വരുന്നവർക്ക് പ്രധാനമായും ദൈവം നൽകുന്നത് മൂന്നു ശുശ്രൂഷകളാണ്.

**1. പുരോഹിതൻ:** ദൈവത്തിനും മനുഷ്യർക്കുമിടയിൽ മനുഷ്യന്റെ പ്രതിനിധിയായി നിന്നു ദൈവത്തോടു പക്ഷവാദം ചെയ്യുന്ന ഇടനിലക്കാരനാണു പുരോഹിതൻ.

**2. പ്രവാചകൻ:** ദൈവത്തിനും മനുഷ്യനും ഇടയിലാണു പ്രവാചകന്റെ നിൽപ്. എന്നാൽ ദൈവത്തിന്റെ പ്രതിനിധിയായി മനുഷ്യരോടു സംസാരിക്കുകയാണ്. പുരോഹിതൻ മനുഷ്യനെ അറിഞ്ഞ് ദൈവത്തിങ്കലേക്കു തിരിയുന്നു. പ്രവാചകൻ ദൈവത്തെ അറിഞ്ഞ് മനുഷ്യനിലേക്കു തിരിയുന്നു.

**3. രാജാവ്:** ദൈവത്തിനുവേണ്ടി ഭൂമിയിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നവനാണു രാജാവ്. എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു (സങ്കീർത്തനം 2 : 6). രാജാവിനു ദൈവം പുത്രാധികാരം നൽകിയിരിക്കുന്നു (സങ്കീർത്തനം 2: 7). ദൈവത്തിന്റെ പ്രതിനിധിയാണ് രാജാവ്.

എന്നാൽ പുതിയനിയമസഭയിൽ ഈ മൂന്നു ശുശ്രൂഷകളും ദൈവം എല്ലാവർക്കുമായി കൊടുത്തിരിക്കുന്നു. പഴയ നിയമത്തിൽ ലേവ്യർക്കും അഹരോന്റെ വംശപരമ്പരയിൽപ്പെട്ടവർക്കും മാത്രമായി പുരോഹിത പദവി മാറ്റിവെച്ചപ്പോൾ പുതിയ നിയമസഭയിൽ നാമെല്ലാവരും രാജകീയ പുരോഹിത വർഗമാണ് (1 പത്രോസ് 2 : 9). അതുപോലെ തന്നെ നാം ദൈവത്തെ പ്രതിനിധീകരിക്കുന്ന അവന്റെ സ്ഥാനാപതികളായ പ്രവാചകരുമാണ് (2 കൊരിന്ത്യർ 5 : 19, 20).

കെബാർ നദിയുടെ തീരത്ത് ദൈവം യെഹെസ്ക്കേലിനുവേണ്ടി സ്വർഗം തുറന്നു. ഉയരത്തിലേക്ക് നോക്കിയിരിക്കുന്നവനുവേണ്ടിയാണ് ദൈവം സ്വർഗം തുറക്കുന്നത്. അവൻ ദിവ്യദർശനങ്ങളെ കണ്ടു. ദിവ്യദർശനങ്ങൾ എന്നാൽ ഇവിടെ "ദൈവദർശന'ങ്ങളാണ്. ദൈവത്തിന്റെ ദർശനം എന്നാണ് പ്രഥമമായി ഇതിനർഥം. ദൈവത്തെ കാണാത്തവനു ദൈവികനായി ജീവിക്കാനാവില്ല. ദൈവദർശനമാണ് ലോകത്തെ പടിക്കു പുറത്തുനിർത്താനുള്ള ശക്തി. ദൈവത്തെ കാണാതെ എന്നും ലോകത്തെ മാത്രം കണ്ടുകൊണ്ടിരിക്കുന്നവൻ ലൗകികനാകുന്നതിൽ എന്തത്ഭുതം?

കനാൻ യാത്രയ്ക്കു മുമ്പ് അബ്രാം ദൈവത്തെ കണ്ടു (ഉല്പത്തി 12: 1-3). ശുശ്രൂഷയ്ക്കായി മിസ്രയീമിലേക്കു പുറപ്പെടും മുമ്പ് മോശെ ദൈവത്തെ കണ്ടു (പുറപ്പാട് 3 : 4-6). മരുഭൂമിയിൽ യിസ്രായേൽ ജനം ദൈവത്തെ കണ്ടു എന്നാണ് എഴുതിയിരിക്കുന്നത് (പുറപ്പാട് 24 : 10). യെശയ്യാവ് മഹത്വത്തിന്റെ ദൈവമായ യഹോവയെ കണ്ടു (യെശയ്യാവ് 6 : 1). ദാനിയേൽ പുരാതനനായ ദൈവത്തെ കണ്ടു (ദാനിയേൽ 7 : 9). സ്വർഗ സിംഹാസനത്തിൽ വാണരുളുന്നവനായ ദൈവത്തെ യോഹന്നാൻ ആത്മവിവശതയിൽ കണ്ടു (വെളിപ്പാട് 4 : 2).

ദിവ്യദർശനങ്ങൾ ദൈവത്തിന്റെ ദർശനമാണ്. ഒരു പക്ഷെ ഒരു നിമിഷത്തേക്കു ഒന്നു മിന്നിമായുന്നതുപോലെയായിരുന്നിരിക്കും ദൈവദർശനം. യിസ്രായേൽ ജനത്തിനു ദൈവദർശനം ഒരു നിരന്തര അനുഭവമായിരുന്നില്ല. എന്നാൽ പ്രവാചകരുടെ/ശുശ്രൂഷകരുടെ കാര്യത്തിൽ അതു പറ്റില്ല. അവർക്ക് ദൈവ ദർശനം മിന്നിമായുന്ന ഒരു അനുഭൂതിയല്ല. അങ്ങനെയൊരു അനുഭൂതി സാധാരണ ജനങ്ങൾക്ക് സന്തോഷമൊക്കെ കൊടുക്കുമെങ്കിലും ദൈവം നിയോഗിക്കാനുദ്ദേശിക്കുന്ന വ്യക്തിക്ക് അങ്ങനെ മിന്നിമായുന്ന ആ അനുഭൂതിയിൽ ജീവിക്കാനാവില്ല. അർഥപുഷ്ടമായ ഒരു ദർശനം കൊണ്ടേ അവനു പ്രയോജനം ഉള്ളൂ. അതാകട്ടെ നിരന്തരമായ അനുഭവം ആയിരിക്കുകയും വേണം. നിരന്തരമായ അർഥസമ്പുഷ്ടമായ ദൈവദർശനമാണ് ഒരു ശുശ്രൂഷകന്റെ ശക്തിസ്രോതസ്.

ദൈവദർശനത്തിൽ ദൈവം നമ്മോട് സംസർഗ്ഗം ചെയ്യുന്നു. നമ്മോടു സംസാരിക്കുന്നു. ചിലപ്പോൾ ദൈവം തന്നെക്കുറിച്ചു തന്നെ നമ്മോടു സംവാദിക്കുന്നു. യെശയ്യാവ് ദർശനം കണ്ടത്, എല്ലാ സിംഹാസനങ്ങളുടെയും മുകളിൽ സിംഹാസനം വെച്ച് എല്ലാത്തിന്റെയും മേൽ വാണരുളുന്ന, സർവ്വഭൂമിയിലേക്കും തന്റെ മഹത്വത്തെ വിന്യസിപ്പിക്കുന്ന യഹോവയെയാണ്. ആ ദർശനം ദൈവത്തെക്കുറിച്ചുള്ള അവന്റെ എല്ലാ കാഴ്ചപ്പാടുകളെയും മാറ്റിമറിച്ചു. ദൈവത്തെക്കുറിച്ചു മാത്രമല്ല അവനെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാടുകളും മാറ്റിക്കളഞ്ഞു.

ചിലപ്പോൾ ദൈവം ചില വ്യക്തികളെപ്പറ്റി നമ്മോടു സംസാരിക്കും. ഹിസ്ക്കീയാവിനോടു പറയുവാനായി ദൈവം യെശയ്യാവിനൊരു ദൂതു നൽകുന്നു. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചുപോകും" (2 രാജാക്കന്മാർ 20 : 1)

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# ദൈവം മനുഷ്യനെ ഭോഷനാക്കുമോ ?

ഭോഷന്റെ മുതുകിന് വടി എന്നും, ഭോഷനെ ഉരലിലിട്ട് അവൽ പോലെഇടിച്ചാലും അവന്റെ ഭോഷത്വം വിട്ടുമാറുകയില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.അതേ വിശുദ്ധ ഗ്രന്ഥത്തിൽ ഞങ്ങൾ ക്രിസ്തു നിമിത്തം ഭോഷന്മാർ എന്ന് എഴുതിയിരിക്കുന്നത് ആശ്ചര്യമല്ലേ? മഴ പെയ്തിട്ടില്ലാത്ത പുരാതന കാലത്ത്,കപ്പലുണ്ടാക്കുവാൻ ദൈവകല്പന ലഭിച്ചപ്പോൾ സംശയിക്കാതെ അനുസരിച്ച നോഹ ആ തലമുറയിൽ ഒരു ഭോഷൻ ആകുകയായിരുന്നു. 100 വയസ്സുള്ള അബ്രഹാമിനും സാറയ്ക്കും വാർധക്യത്തിൽ പുത്രഭാഗ്യം ലഭിക്കും എന്ന് വിശ്വസിച്ചപ്പോൾ അവരും ഭോഷരാകുകയായിരുന്നു.

ഹോശയയുടെ പുസ്തകം ഈ തലമുറയിൽ ഉള്ളവർ എങ്ങനെ വ്യാഖ്യാനിക്കും? വിമർശനാത്മക വേദശാസ്ത്രം പഠിപ്പിക്കുന്നവർ ഹോശയയുടെ പുസ്തകത്തേയും ഇയ്യോബിന്റെ പുസ്തകത്തേയും കേവലം ഒരു ഭാവനയായി അവതരിപ്പിക്കുവാൻ ധൈര്യപ്പെടുന്നതാണ് ഇപ്പോഴത്തെ ദൈവസഭ നേരിടുന്നഏറ്റവും വലിയ വെല്ലുവിളി. ദൈവത്തിൽ ആഴമായ വിശ്വാസമുള്ളവരും, വചനത്തെഅപ്രമാദിത്വമായി കാണുന്നവരും, ആത്മനിറവും കൃപാവരങ്ങളും വിശ്വസിക്കുന്നതുമായ ചെറുപ്പക്കാർ വേദശാസ്ത്ര പഠനം കഴിയുമ്പോഴേയ്ക്കും വിശ്വാസം നഷ്ടപ്പെട്ടവരും നിരീശ്വര ചിന്താഗതിയുള്ള വരുമായി തീരുന്നു എന്നത് നമുക്ക് നിഷേധിക്കാൻ പറ്റുമോ? സെമിനാരി നടത്തിപ്പുകാരും, അധ്യാപകരും, വിദ്യാർഥികളും സ്വന്തം മനസ്സാക്ഷിയോട് ചോദിക്കട്ടെ.

ഹോശേയയോട് ദൈവം പറയുന്നു നീ ചെന്ന് പരസംഗം ചെയ്യുന്നോരു ഭാര്യയെയും പരസംഗത്തിൽ ജനിച്ച മക്കളെയും എടുക്കുക. ദേശം യഹോവയെ വിട്ടുമാറി കഠിന പരസംഗം ചെയ്തിരിക്കുന്നുവല്ലോ എന്ന് കല്പിച്ചു (ഹോശേയ:1:2).

വ്യഭിചാരം ചെയ്യരുതെന്ന് കല്പിച്ച അതേ ദൈവം തന്നെ വ്യഭിചാരിണിയെ വിവാഹംകഴിക്കാൻ കല്പിക്കുമോ? അഭിഷക്തനായൊരു പ്രവാചകനെ വൃത്തികെട്ടകാര്യത്തിനുവേണ്ടി പരിശുദ്ധനായ ദൈവം അനുവദിക്കുമോ? (ഇത് അശുദ്ധജീവിതത്തിന് ലൈസൻസ് ആയി ആരും എടുക്കരുതെന്ന് അപേക്ഷ)വാസ്തവത്തിൽ ദൈവം ഇവിടെ ഹോശെയയെ ഭോഷനാക്കുന്നു. ദൈവത്തിനുവേണ്ടി എല്ലാ കാലയളവിലും ചിലരെ ഭോഷരാക്കുവാൻ ദൈവംആഗ്രഹിക്കുന്നു. ഇന്ന് ആരെങ്കിലും അങ്ങനെ ഭോഷനായാൽ അവനെ സഭ ഭ്രഷ്ടു കല്പിക്കും. സാജു മാത്യു എന്ന സുവിശേഷകൻ സാമാന്യം സാമ്പ

**മഴ പെയ്തിട്ടില്ലാത്ത പുരാതന കാലത്ത്, കപ്പലുണ്ടാക്കുവാൻ ദൈവ കല്പന ലഭിച്ചപ്പോൾ സംശയിക്കാതെ അനുസരിച്ച നോഹ ആ തലമുറയിൽ ഒരു ഭോഷൻ ആകുക യായിരുന്നു.**

ത്തിക ഭദ്രതയും, വിദ്യാഭ്യാസവും ഉള്ള കുടുംബത്തിൽ നിന്നു വടക്കേ ഇന്ത്യയിലേക്കു പോയപ്പോൾ അദ്ദേഹത്തെ ഭോഷനെന്ന് ചിലർ വിളിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആയിരുന്ന Dr. എബി. പി. മാത്യു ബീഹാറിലേക്ക് പോയപ്പോൾ തന്റെ ഏറ്റവും അടുത്ത പ്രിയപ്പെട്ടവർ പോലും തന്നെ ഭോഷൻ എന്ന് വിളിച്ചു. ശരിക്കും ഇവർ ഒക്കെ ഭോഷന്മാർ തന്നെ ആണ്. സ്വർഗരാജ്യം നിമിത്തം ഭോഷന്മാർആക്കിയ ഭോഷന്മാർ ഉണ്ട്, ജന്മനാ ഭോഷന്മാരായ ഭോഷന്മാരും ഉണ്ട്. ഒരിക്കൽ പെരുമ്പാവൂരിനടുത്ത് കീഴില്ലം എന്ന സ്ഥലത്ത് യൂത്ത് ക്യാമ്പിൽ പ്രസംഗിക്കാൻ വന്ന എബി സാറിനെ ഞാൻ പിറവത്തേക്ക് ക്ഷണിച്ചപ്പോൾ അദ്ദേഹം അന്നു തന്നെ മടങ്ങിപ്പോകാൻ തിടുക്കം കൂട്ടുന്നതു കണ്ടു. എനിക്ക് ആ ബീഹാറിലെ പൊടിക്കാറ്റടിച്ച് സൈക്കിൾ ചവിട്ടി നടന്നാലേ ഒരു സമാധാനമുള്ളൂ എന്ന് പറഞ്ഞപ്പോൾ ദൈവം തന്നെ എത്രമാത്രം ഭോഷനാക്കി എന്ന് ഞാൻ തിരിച്ചറിഞ്ഞു.

വില്യം കേറി ഇംഗ്ലണ്ടിൽ നിന്നും കൽക്കട്ടയിലേക്ക് വന്നപ്പോൾ സ്വന്തഭാര്യപോലുംതന്നെ ഭോഷനായിട്ട് മുദ്രകുത്തി. ജോൺ വെസ്ലി എന്ന മഹാൻ ഏകേദശം രണ്ടു ലക്ഷം മൈൽ കുതിരപ്പുറത്തു സവാരി ചെയ്ത് സുവിശേഷം അറിയിച്ചുകൊണ്ട് നടന്നപ്പോൾ തന്റെ ഭാര്യ തന്നെ പരിഹസിച്ചിരുന്നു എന്ന് ഞാൻ ചരിത്രത്തിൽ വായിച്ചിട്ടുണ്ട്. ജോൺ വെസ്ലിയുടെ വീട് കാണുവാൻ എനിക്ക് ഒരു അവസരം കിട്ടിയപ്പോൾ താൻ അനുഭവിച്ച മാനസിക പീഡനങ്ങൾ തദ്ദേശവാസികളിൽ നിന്നും ഞാൻ കേൾക്കുകയുണ്ടായി.

ഈ തലമുറയിൽ കർത്താവിനു വേണ്ടി ഭോഷനാകുവാൻ ആരുണ്ട്? ആവശ്യമുണ്ട് ഭോഷന്മാരെ. ലോകം മിടുക്കന്മാരെ തിരയുമ്പോൾ ദൈവം വിശ്വസ്തന്മാരെ തിരയുന്നു. കമ്പനികൾ സാമർഥ്യമുള്ളവരെ തിരയുമ്പോൾ സ്വർഗം ഭോഷനാകാൻ മനസ്സുള്ളവരെ തിരയുന്നു. മേരി എന്ന ചെറിയ പെൺകുട്ടി ദൈവദൂതനെ ദർശനം കണ്ടപ്പോൾ ഭയപരവശയായി. അവിവാഹിതയായവൾ ഗർഭവതി ആകുമെന്ന് ദൂതൻ സംസാരിച്ചപ്പോൾ ഇത്ര വലിയ ഭോഷത്വം അംഗീകരിച്ച് ഏറ്റെടുക്കുവാൻ ആ പെൺകുട്ടി തയ്യാറായി. എലിശബെത്തല്ലാതെ ആരും ആ ഭോഷത്വം തിരിച്ചറിഞ്ഞു അംഗീകരിക്കാൻ ഉണ്ടായിരുന്നില്ല. സ്വന്തം ഭർത്താവാകേണ്ട യോസേഫ് പോലും താൻ സ്നേഹിച്ച ഭാര്യയെ ഉപേക്ഷിക്കുവാൻ മനസ്സുകൊണ്ടു തീരുമാനിച്ചു. ദൈവദൂതന്റെ ഇടപെടൽ ഉണ്ടായില്ലായിരുന്നെങ്കിൽ സംഭവം മറ്റൊന്നാകുമായിരുന്നു. യോസേഫും മേരിയും മാത്രമല്ല സെഖറിയാവും എലിശബെത്തും ദൈവത്തിനുവേണ്ടി ഭോഷരായപ്പോൾ നമുക്ക് ഒരു വീണ്ടെടുപ്പുകാരനെ ലഭിച്ചു.

ലോകം താത സഹോദരർ
ജാതിയതും തറവാടും...
ആകെ ഉപേക്ഷിച്ചേശുവിനായ്
മരണം സ്നേഹിച്ച...
സഹദേന്മാരേ സദാകാലം സ്മരണം
ചെയ്വത് നന്നേറ്റം ■


STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER NERVEEDHI

Form1V-see Rule 8

| | | | |
|---|---|---|---|
| 1. | Place of publication | : | Kottayam |
| 2. | Periodicity of the publication | : | Monthly |
| 3. | Printer's Name | : | K.V. Raju |
| | Whether citizen of India | : | Yes |
| | Address | : | Kalapurackal House Areeparampu P.O Kottayam 686501 |
| 4. | Publisher's Name | : | K.V. Raju |
| | Whether citizen of India | : | Yes |
| | Address | : | As above |
| 5. | Editor's Name | : | K.V. Raju |
| | Whether citizen of India | : | Yes |
| | Address | : | As Above |

6. Name and Address of individuals who own the newspaper and partners or share holders holding more than one percent of total capital. The Newspaper is owned by Righteous Path Publication Trust.

Trustees:

1. Joykutty Mackal Thomas, Mackal House, Amayannoor P.O, Kottayam 686019
2. K.V. Raju,Kalapurackal House, Areeparampu P.O., Kottayam 686501
3. James M.T., Mackal House, Amayannoor P.O, Kottayam 686019

I, K.V. Raju, hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
10-3-2020

Sd/-
Publisher

# അനുതപിക്കുന്നവർക്കു ലഭിക്കുന്ന നന്മ

**ഡേവിഡ് വിൽക്കേഴ്സൺ**

അനുതപിക്കുന്ന ഹൃദയമുള്ള ഒരു വ്യക്തിക്കു ലഭ്യമാകുന്ന നിരവധി നന്മകളുടെ സൂചനകൾ ദാനിയേലിന്റെ പുസ്തകത്തിൽ കാണുന്നുണ്ട്. തങ്ങളുടെ പാപത്തെക്കുറിച്ച് ആര് അനുതപിക്കുമോ അവർക്കായി അത്ഭുതകരമായ കാര്യങ്ങൾ ദൈവം ചെയ്യും. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു അനുഗ്രഹമാണ് അവർക്കു യേശുക്രിസ്തുവിനെക്കുറിച്ച് കുറെക്കൂടെ വ്യക്തവും സ്പഷ്ടവുമായ ഒരു ദർശനം ലഭിക്കും എന്നത്.

ദാനിയേൽ ഒമ്പതാം അധ്യായത്തിലെ പാപം ഏറ്റുപറഞ്ഞുള്ള ദാനിയേലിന്റെ പ്രാർഥന ശ്രദ്ധിക്കുക, പ്രാർഥനയെത്തുടർന്ന് എന്താണു സംഭവിച്ചത്? "...മഹാ നദീതീരിത്ത് ഇരിക്കയിൽ തലപൊക്കി നോക്കിയപ്പോൾ ശണവസ്ത്രം ധരിച്ചും അരയ്ക്കു ഊഫാസ്തങ്കം കൊണ്ടുള്ള കച്ചകെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു... ദാനിയേൽ എന്ന ഞാൻ മാത്രം ഈ ദർശനം കണ്ടു" (ദാനിയേൽ 10:5-7). ദാനിയേൽ ഈ ദർശനത്തിൽ ആരെയാണു കണ്ടത്? അത് യേശുവായിരുന്നു. പാപം ഏറ്റുപറഞ്ഞു പ്രാർഥിച്ചപ്പോൾ പരിശുദ്ധാത്മാവ് ദാനിയേലിനു തുറന്നു നല്കിയ ആത്മിക നേട്ടം എത്ര വലുതായിരുന്നു! കർത്താവിനെ അവന്റെ മഹത്വത്തിൽ കാണാൻ കഴിഞ്ഞു! കർത്താവിന്റെ പൂർണ മഹത്വത്തിൽ അവനെ കണ്ടു എന്ന അർഥമല്ല, അവന്റെ ഒരു ദിവ്യ ദർശനം ഉണ്ടായി എന്നാണർഥം.

ദാനിയേൽ ഒരു ദർശനത്തിനുവേണ്ടിയല്ല പ്രാർഥിച്ചത്. അവൻ ചെയ്തത് അനുതപിക്കുകയും പാപം ഏറ്റുപറയുകയും ചെയ്തു, അത്രമാത്രം. അങ്ങനെ ചെയ്ത ദാനിയേലിനു ഒരു ദർശനം നല്കുവാൻ കർത്താവു തയ്യാറായി, കർത്താവ് അങ്ങനെ ചെയ്തു.

നാമും നമ്മെത്തന്നെ താഴ്ത്തി പ്രാർഥിക്കുവാനും, തെറ്റുകളെക്കുറിച്ചു അനുതപിക്കുവാനും ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുവാനും തയ്യാറാകുമ്പോൾ ദൈവം ചെയ്വാനുള്ളത് നമ്മിൽ ചെയ്യും. ദൈവത്തോടും മനുഷ്യനോടും കുറ്റമറ്റ മനസ്സാക്ഷി സൂക്ഷിക്കേണ്ടത് ആവശ്യം. അപ്പോൾപ്പിന്നെ ഒരു ദർശനത്തിനായോ ദൈവീക ഇടപെടലുകൾക്കായോ ഒന്നും നാം പ്രത്യേകം പ്രാർഥിക്കേണ്ടതില്ല. കർത്താവു തന്നെത്തന്നെ നമ്മിലൂടെ വെളിപ്പെടുത്തും.

ദാനിയേലിനു ദൈവഭക്തന്മാരായ ചില സ്നേഹിതന്മാർ ഉണ്ടായിരുന്നു. ലൗകികരായ സ്നേഹിതന്മാരുടെ കൂടെ, ദുഷ്ടന്മാരുടെ ആലോചനപ്രകാരമുള്ള നടപ്പായിരുന്നില്ല ദാനിയേലിനു പ്രിയം. എന്നാൽ ദാനിയേലിനു കിട്ടിയതുപോലുള്ള ഒരു ദർശനം അവർക്കാർക്കും കിട്ടിയതായി വചനത്തിൽ കാണുന്നില്ല. "എന്നോടുകൂടെ ഉണ്ടായിരുന്ന ആളുകൾ ദർശനം കണ്ടില്ല" (10:7) എന്ന് വ്യക്തമായി എഴുതിയിരിക്കുന്നു.

ശരിയായി അനുതപിക്കുന്ന ഒരുവന് ദൈവത്തിങ്കൽനിന്നും മറച്ചുവയ്ക്കുവാൻ ഒന്നും ഉണ്ടായിരിക്കയില്ല. ഒരു ശിക്ഷാവിധി ഉണ്ടാകുമെന്ന ചിന്തയോ ഭയമോ അവർക്കില്ല എന്നതാണു കാരണം. പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച പ്രാഗത്ഭ്യമുള്ളവർക്ക് ദൈവമുഖത്തേക്കു ധൈര്യമായി നോക്കാം.

ശത്രുവിന്റെ ഗർജനം കേട്ടാലും നാം ഭയന്നു വിറയ്ക്കേണ്ട കാര്യം വരുന്നില്ല, കാരണം ക്രിസ്തുവിന്റെ സഖിത്വമുള്ളവരാണു നാം. അവന്റെ മഹത്വത്തിന്റെ ദർശനം ലഭിക്കുന്നവരാണ് നാം.



റിൻസി ചെറിയാൻ

# ദൈവത്തിന്റെ തിരുഹിതം

ശിഷ്യത്വത്തെക്കുറിച്ച് വിശദീകരിക്കുമ്പോൾ യേശുക്രിസ്തു പറഞ്ഞു, പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് യഥാർഥ ശിഷ്യൻ. തനിക്കു പ്രിയപ്പെട്ടവരായിരിക്കേണ്ടതിന് കർത്താവു കണ്ടെത്തി വിളിച്ചുവേർതിരിച്ചവരിൽ അവിടുന്ന് തിരഞ്ഞ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ഇതായിരുന്നു. തന്റെ ശിഷ്യന്മാരെ ചൂണ്ടി യേശു പറഞ്ഞു ഇവരാണെന്റെ അമ്മയും സഹോദരങ്ങളും. "സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു'' (മത്തായി 12:50)."നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത്?" (ലൂക്കോസ് 6.46).

ഈ പഠനത്തിൽ നാം ഈ വിഷയത്തെ വ്യത്യസ്ത ദിശകളിൽ നിരീക്ഷിക്കയും അതിന്റെ പ്രായോഗിക വശങ്ങളെയും നിലവിലുള്ള ചില തെറ്റായ ധാരണകളെയും വിശകലനം ചെയ്യുകയുമാണ്.

**ദൈവഹിതം: നമ്മുടെ ഉത്തരവാദിത്തങ്ങൾ**

ദൈവമക്കൾ എന്ന നിലയിൽ നാം അന്ധകാര ലോകത്തിൽ നിന്നും വ്യക്തികേന്ദ്രീകൃതമായ ജീവിതശൈലിയിൽനിന്നും വിളിച്ചു വേർതിരിക്കപ്പെട്ടവരും ദൈവഹിതം ചെയ്യാൻ നിയോഗിക്കപ്പെട്ടവരുമാണ് (2 കൊരിന്ത്യർ 5.15). എല്ലാവിഷയങ്ങളിലും ദൈവഹിതം നിറവേറ്റപ്പെടേണ്ടതിനും ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടേണ്ടതിനും നാം പ്രാർഥിക്കാൻ വിളിക്കപ്പെട്ടവരാണ്.

അപ്പോസ്തലന്മാരുടെ പഠിപ്പിക്കലുകളിലും ജീവിത മാതൃകയിലും നമ്മുടെ ജീവിതത്തിൽ ദൈവഹിതത്തിനുണ്ടായിരിക്കേണ്ട അപ്രമാദിത്വം വെളിപ്പെട്ടുവരുന്നു. തങ്ങളുടെ ഇഷ്ടങ്ങളിലും ഇടപാടുകളിലും ദൈവഹിതത്തിനായിരിക്കണം മുൻതൂക്കം എന്ന് യാക്കോബ് വിശ്വാസികളെ പ്രബോധിപ്പിക്കുന്നു (4: 13 –15). അതുപോലെ പൗലോസിന്റെ ഇഷ്ടങ്ങളും പദ്ധതികളുമെല്ലാം ദൈവഹിതത്തെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു (അപ്പോ. പ്രവൃത്തി 18.21). ദൈവഹിതം നിവർത്തിക്കുക എന്നതു നിർബന്ധമായും നാം കരുതിക്കൊള്ളേണ്ട കാര്യമാണ്. നമ്മുടെ ഉള്ളം ദിനേന ദൈവത്തോടു പറയേണ്ട ഒരു പ്രതിജ്ഞയാണ് 'എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം എന്നിൽ നിറവേറണം' എന്നത്.

ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ ഉദാത്തമായ വെളിപ്പെടുത്തലാണ് അവിടുത്തേയ്ക്കു പ്രസാദമുള്ളതു ചെയ്യുവാനും നമ്മോടു കല്പിച്ചിട്ടുള്ളതെല്ലാം പ്രമാണിക്കാനുമുള്ള ഒരുക്കം (യോഹന്നാൻ 14.15, 15.10). മറിച്ചു പറഞ്ഞാൽ ദൈവേഷ്ടപ്രകാരം പ്രവർത്തിക്കുന്നതിൽ നമുക്കുള്ള വൈമുഖ്യം ദൈവത്തോടുള്ള തണുത്ത സ്നേഹത്തിന്റെയും, മനസ്സിന്റെ ധാർഷ്ട്യത്തിന്റെയും തെളിവാണ് (മത്തായി 16:22,23; 19:22).

**ദൈവഹിതം: ഒരു വെളിപ്പാട്**

സമ്പൂർണ്ണ സമർപ്പണവും ശരിയായ ഹൃദയബന്ധവുമാണ് ദൈവേഷ്ടം സദാ നിവർത്തിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന അടിസ്ഥാന ഘടകം. ദൈവത്തെ സ്നേഹിക്കയും അവനിൽ സന്തോഷിക്കയും ചെയ്യുന്ന ജനമായിരിക്കുക എന്നത് ഏറെ പ്രധാനപ്പെട്ട കാര്യമാണ്. അവന്റെ ഇഷ്ടം ചെയ്യുവാൻ പ്രിയപ്പെടുന്നവർക്ക് തന്റെ ഇഷ്ടം വെളിപ്പെടുത്തിക്കൊടുക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നു (യോഹന്നാൻ 7.17). നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനു വിധേയപ്പെട്ടിരുന്നാൽ ആത്മാവു നമ്മിൽ പ്രവർത്തിക്കുകയും ദൈവഹിതം തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും. (ഫിലിപ്പിയർ 2.13). "ഞാൻ നിന്നെ ഉപദേ

ശിച്ചു നടക്കേണ്ട വഴി നിനക്കു കാണിച്ചു തരും" (സങ്കീർത്തനം 32.8). "യഹോവാഭക്തനായ പുരുഷൻ ആർ? അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി താൻ അവനു കാണിച്ചുകൊടുക്കും" (സങ്കീർത്തനം 25.12). ദൈവകല്പനകളോടു മറുത്തു മത്സരിക്കുന്നവരാകാതിരിക്കാൻ വചനം നമ്മെ ഉപദേശിക്കുന്നു. "അയ്യോ നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളാമായിരുന്നു, എന്നാൽ നിന്റെ സമാധാനം നദി പോലെയും നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു (യെശയ്യാവ് 48.18).

ദൈവഹിതം എന്തെന്ന് അന്വേഷിക്കേണ്ടത് ദൈവവചനം എന്ന അടിസ്ഥാനത്തിലാണ്. ദൈവഹിതത്തിന്റെയും ദൈവീക പാതകളുടെയും വെളിപ്പാട് അതിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ഹിതം ദൈവവചനത്തിൽ അന്വേഷിക്കുമ്പോൾ നമുക്ക് ദൈവവുമായുള്ള നേർബന്ധം ഉണ്ടാകുന്നു, ദൈവത്തിന്റെ പ്രകൃതവും മനുഷ്യനോടുള്ള ദൈവത്തിന്റെ ഇടപെടലിന്റെ വിധവും നമുക്കു ഗ്രഹിക്കാൻ കഴിയുന്നു. നാം ഇന്ന് അഭിമുഖീകരിക്കുന്ന ഓരോരോ ചെറിയ വിഷയങ്ങളെയും അങ്ങനെതന്നെ വചനത്തിൽ പ്രതിപാദിക്കുന്നുണ്ടാവില്ല, എന്നാൽ ഓരോ വിഷയങ്ങളോടും എങ്ങനെ പ്രതികരിക്കണം എന്നുള്ളതിന്റെ മാർഗനിർദ്ദേശവും പ്രമാണങ്ങളും അതിലുണ്ട്. ദൈവഹിതം നമ്മോടറിയിക്കാൻ മറ്റു ഉപാധികളും ദൈവം ഉപയോഗിച്ചെന്നു വരും, അതായത് ദൈവാത്മാവ് നമ്മുടെ ഉള്ളത്തിൽ തരുന്ന ബോധ്യം, ഉള്ളിലുണ്ടാകുന്ന ആത്മഭാരം, ദൈവദാസന്മാരുടെ പ്രബോധനങ്ങൾ, സ്വപ്നങ്ങളും ദർശനങ്ങളും, ഉരുത്തിരിഞ്ഞു വരുന്ന ദൈവീക വഴികൾ, പ്രവചന ദൂതുകൾ തുടങ്ങിയവ.

ആത്മാവിനാലും വചനത്താലും ദൈവം നമുക്കു ബോധ്യപ്പെടുത്തി തന്നിട്ടുള്ള ദൈവഹിതം പൂർണ്ണഹൃദയത്തോടെ അനുസരിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ അതുവരെ വ്യക്തമല്ലാതിരുന്ന/മനസ്സിലാക്കിയിട്ടില്ലാത്ത കൂടുതൽ കാര്യങ്ങൾ ദൈവം പിന്നെയും വ്യക്തമാക്കിത്തരും. അതു മേത്തരമായ കാര്യങ്ങളായിരിക്കുകയും ചെയ്യും, അതായത് നാം നമ്മെക്കുറിച്ചുള്ള ദൈവീകപദ്ധതിയിൽത്തന്നെ ആണെന്ന് ഉറപ്പുവരുത്താനുള്ള കാര്യങ്ങൾ.

**ദൈവഹിതം: ചില വ്യത്യസ്തകൾ**

വ്യക്തിപരമായി മാത്രമല്ല എല്ലാക്കാലത്തുമുള്ള എല്ലാവരെയും ഒരുപോലെ ബാധിക്കുന്ന ദൈവഹിതങ്ങളുണ്ട്. അതു ദൈവവചനത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള കാര്യങ്ങളായിരിക്കും. ഉദാഹരണത്തിന് ചില വാക്യങ്ങൾ കാണുക: "പുത്രനെ നോക്കിക്കൊണ്ട് അവനെ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം" (യോഹന്നാൻ 6.40). "അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരിന്ത്യർ 5.10). "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവനൊക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു" (മത്തായി 7.24).

അതുപോലെതന്നെ വ്യക്തിപരമായി ഓരോരുത്തരെക്കുറിച്ചുമുള്ള ദൈവീക പദ്ധതികളുമുണ്ട്. അവ മനുഷ്യചരിത്രത്തിൽ ദൈവം പൂർത്തീകരിക്കുന്ന തന്റെ നിത്യപദ്ധതികളുമായി ബന്ധപ്പെട്ടുള്ളവയായിരിക്കും. വചനത്തിൽ കാണുന്ന ദൈവീക പുരുഷന്മാരുടെയും സ്ത്രീകളുടെയും ജീവിതാനുഭവങ്ങൾക്ക് പൊതുവായ ചില പ്രത്യേകതകളും അപ്പോൾത്തന്നെ വ്യക്തിപരമായി വേർതിരിവുകളും കാണപ്പെടുന്നുണ്ട്. **ഓരോരുത്തരുടെയും വിളിയും തിരഞ്ഞെടുപ്പും വ്യത്യസ്തമായിരിക്കുന്നതിനാൽ പ്രത്യേകവിധത്തിലുള്ള ഇടപെടലുകളായിരിക്കും ഓരോരുത്തർക്കും ഉണ്ടാകുക, അവ പരസ്പരം വ്യത്യസ്തമായിരിക്കുകയും ചെയ്യും.** പൊതുസ്വഭാവമുള്ള നിർദ്ദേശങ്ങളും അപ്പോൾത്തന്നെ കൃത്യതയോടെയുള്ള നിയോഗങ്ങളുമുണ്ടാകാം. പൊതുവായതും വ്യാപകമായതുമായ നിർദ്ദേശങ്ങളുടെ നടത്തിപ്പിന് വഴികളെ ആസൂത്രണം ചെയ്യാൻ നമുക്കു സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ കൃത്യമായ വിശദാംശങ്ങളോടെ നല്കുന്ന വ്യക്തമായ പദ്ധതികൾ അപ്രകാരം തന്നെ നിവർത്തിക്കപ്പെടേണ്ടവയായിരിക്കും.

പൊതുസ്വഭാവമുള്ള ഒരു നിർദ്ദേശമായിരുന്നു ഏദൻ തോട്ടത്തിൽ ദൈവം മനുഷ്യനു നല്കിയത്, അതായത് ഒന്നൊഴികെ തോട്ടത്തിലെ ഏതു വൃക്ഷത്തിന്റെ ഫലവും അവർക്കു തിന്നാമായിരുന്നു. ഒട്ടനവധിയായ വൃക്ഷഫലങ്ങളിൽ ഏതു തിന്നാലും അതു ദൈവേഷ്ടത്തിന് അനുസരണമായിരുന്നു. ഓരോ പ്രാവശ്യവും ദൈവസന്നിധിയിൽ ചെന്ന് ഏതു ഫലമാണു തിന്നേണ്ടത് എന്നു ചോദിക്കേണ്ട ആവശ്യം ഇല്ലായിരുന്നു, തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരുന്നു. റോമാ ലേഖനം 14-ാം അധ്യായത്തിൽ സമാനമായ ഒരു വിഷയം പൗലോസ് കൈകാര്യം ചെയ്യുന്നുണ്ട്. അവിടെ യഹൂദന്മാരിൽ നിന്നും രക്ഷിക്കപ്പെട്ടവരും ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടുവന്നവരുമായ

ദൈവമക്കൾ ഉണ്ടായിരുന്നു. തന്നിമിത്തം ഭക്ഷണം, ശബ്ബത്താചരണം തുടങ്ങിയ വിഷയങ്ങളിൽ പ്രകടമായ അഭിപ്രായവ്യത്യാസങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടായി. അവയ്ക്കു തീർപ്പു കല്പിക്കുമ്പോൾ പൗലോസ് അവർക്കു അവരവരുടേതായ സാഹചര്യങ്ങൾക്കനുസരണമായ സ്വാതന്ത്ര്യമാണ് അനുവദിച്ചത്. കാരണം, അവ ദോഷമുള്ള കാര്യങ്ങളോ മറ്റുള്ളവരുടെ ആത്മിയ പുരോഗതിക്കു തടസ്സം നില്ക്കുന്നതോ ആയിരുന്നില്ല. ആരാണു കൂടുതൽ ശരി എന്നു വിലയിരുത്തുകയോ തരം തിരിക്കയോ ചെയ്യേണ്ട കാര്യം അതിലില്ലായിരുന്നല്ലോ. ഇക്കാര്യം സംബന്ധിച്ച നിർദ്ദേശങ്ങൾ പൗലോസ് മറ്റു സഭകൾക്കും നല്കുന്നുണ്ട് (1 കൊരിന്ത്യർ 9.23, ഗലാത്യർ 5.13).

വ്യക്തിപരമായി ഏറ്റെടുക്കേണ്ട വിഷയങ്ങളുടെ കാര്യത്തിൽ ഉത്തമമായ തീരുമാനങ്ങൾ നാം കൈക്കൊള്ളേണം. പരിശുദ്ധാത്മാവു നമ്മുടെ ഉള്ളത്തെ പ്രബോധിപ്പിക്കുന്നതു നാം തിരിച്ചറിയുകയും വചനത്താൽ പുതുക്കപ്പെട്ട ഒരു മനസ്സ് നമുക്ക് ഉണ്ടായിരിക്കയും വേണം. ഇത്തരം ദൈവീക ഇടപാടുകളുടെ ഉത്തമ ഉദാഹരണമാണ് നോഹയും മോശെയും. പെട്ടകവും സമാഗമനകൂടാരവും ഉണ്ടാക്കേണ്ടിയിരുന്നത് ഏറ്റവും കൃത്യതയോടെ ദൈവീക നിർദ്ദേശപ്രകാരമായിരുന്നു.

**ദൈവഹിതം: ഒരു മർമം**

ചിലപ്പോൾ വിഷയങ്ങളിലെ ദൈവഹിതം മറപൊരുളായിരിക്കയും വ്യക്തമായി വെളിപ്പെടാതിരിക്കയും ചെയ്തേക്കാം. അതിനു പല കാരണങ്ങളുമുണ്ടാകും. ഇവയ്ക്കുള്ള ഉദാഹരണങ്ങൾ ദൈവവചനത്തിലുണ്ട്.

ഒന്നാമത് ദൈവം കാണുന്ന കാഴ്ചപ്പാടിൽ കാര്യങ്ങളെ കാണുന്നതിൽ നമുക്കുള്ള കഴിവുകേട്. ഈ വിഷയത്തിന് പത്രോസ് ഉദാഹരണമാണ്. രൂപാന്തരം വരാതിരുന്ന ആ മനസ്സിന് അന്ന് ദൈവഹിതം തിരിച്ചറിയാൻ കഴിഞ്ഞില്ല. യേശുവിന്റെ ക്രൂശീകരണം, ശിഷ്യന്മാരുടെ കാൽ കഴുകിയത്, തുപ്പട്ടിയുടെ ദർശനം ഇവിടെയെല്ലാം ദൈവഹിതം ബോധ്യപ്പെട്ടത് തടസ്സവാദങ്ങൾക്കു ശേഷമാണ്, ദൈവഹിതം ബോധ്യപ്പെടാൻ പാടുപെടേണ്ടി വന്നു എന്നു സാരം.

രണ്ടാമത്തെ സാഹചര്യം ദൈവഹിതം നമുക്കു വെളിപ്പെടുത്തിത്തരത്തക്കവണ്ണമുള്ള ആത്മിക പക്വത നേടാത്ത അവസ്ഥ. യേശുക്രിസ്തു ശിഷ്യന്മാരെ ഉപദേശിച്ചപ്പോഴും പൗലോസ് വിശ്വാസികൾക്കു ലേഖനം എഴുതിയപ്പോഴും ഇത് അഭിമുഖീകരിക്കുന്നതു കാണാം (യോഹന്നാൻ 16:12, 1കൊരിന്ത്യർ 3:1,2). പലതും പറഞ്ഞുകൊടുക്കുവാനും പഠിപ്പിക്കുവാനും ആഗ്രഹിച്ചെങ്കിലും മനസ്സിലാക്കാനുള്ള പക്വതയില്ലാത്ത ആളുകളായി അവർ കാണപ്പെട്ടു.


മൂന്നാമത്തേത് വിശ്വാസത്തിന്റെ പരിശോധനയിലൂടെ കടത്തിവിടുവാനുള്ള ദൈവത്തിന്റെ തീരുമാനം. കാര്യങ്ങൾ വ്യക്തമാക്കപ്പെടാതിരിക്കെ വിശ്വാസത്താൽ ഇറങ്ങി പുറപ്പെട്ട അബ്രഹാമിൽ വെളിപ്പെടുന്ന അനുഭവമാണ് ഇത് (എബ്രായർ 11.8). യിസഹാക്കിനെ യാഗം അർപ്പിക്കാനുള്ള ആഹ്വാനത്തോടുള്ള അബ്രഹാമിന്റെ പ്രതികരണവും ഇതേ നിലയിലുള്ളതായിരുന്നു (ഉല്പത്തി 22.2). പൗലോസും മുന്നിലുള്ള അവ്യക്തമായ സാഹചര്യങ്ങളോടു ഉത്തമമായി പ്രതികരിച്ച ആളാണ്. **യരൂശലേമിൽ വളരെ പ്രതികൂലമുണ്ടാകും എന്നു മുന്നറിയിപ്പ് ഉണ്ടായിരുന്നിട്ടും പോകുവാനുള്ള ആത്മനിയോഗത്തിനു മുമ്പിൽ ഭയപ്പെട്ടു പിന്മാറിയില്ല** (അപ്പോ.പ്രവൃത്തി 20.22). എന്തൊക്കെയാണു സംഭവിക്കുക എന്നോ എങ്ങനെ വിടുവിക്കപ്പെടുമെന്നോ ഒന്നുമറിയാതെയും അന്വേഷിക്കാതെയും താൻ പുറപ്പെട്ടു.

നാലാമത്തേതു ദൈവം തന്റെ സമയത്തിനായി വിഷയങ്ങളെ മറച്ചു വയ്ക്കുന്ന കാര്യമാണ്. യേശു ക്രിസ്തുവിന്റെ ജീവകാലത്തു താൻ ശിഷ്യന്മാരോടു പറഞ്ഞ പലകാര്യങ്ങളും തന്റെ മരണപുനരുത്ഥാനങ്ങൾക്കു ശേഷമാണ് അവർക്കു വെളിവായത്. ദാനിയേലിന്റെ ദർശനങ്ങളിൽ ചിലത് അന്ത്യകാലത്തേക്ക് മുദ്രയിട്ടു വയ്ക്കാനും പറയുന്നുണ്ട്. ഒരു തലമുറയ്ക്കുവേണ്ടി പ്രാർഥിച്ച സെഖര്യാവിനും എലീസബേത്തിനും ദൈവത്തിന്റെ സമയത്താണു മറുപടി കിട്ടിയത്. ദൈവം എല്ലാം തന്റെ സമയത്തു ഭംഗിയായി ചെയ്യുന്നു.

അഞ്ചാമത്തെ അവസ്ഥ ദൈവത്തിന്റെ സമയം എന്ന മാനദണ്ഡമാണ്. ഇതിനു ഉദാഹരണം യോഹന്നാൻ സ്നാപകനിൽ കാണാം. താൻ തടവിലായപ്പോൾ യേശു തന്നെയാണോ മശിഹ എന്നുപോലും സംശയിച്ചു, സന്ദേശം അയച്ചു. യേശുവിന്റെ മറുപടി "എങ്കൽ ഇടറിപ്പോകാത്തവൻ എല്ലാം ഭാഗ്യവാൻ'' എന്നായിരുന്നു (മത്തായി 11.6). ദൈവഹിതം നമുക്കു വെളിപ്പെട്ടില്ലെങ്കിൽപോലും നാം അവനിൽത്തന്നെ ആശ്രയിക്കയും സ്നേഹിക്കയും ചെയ്യണമെന്ന സന്ദേശമാണ് ഇതിലുള്ളത്.

ആറാമത്, വീഴ്ചയില്ലാത്ത ദൈവസ്നേഹത്തിൽ നമുക്കുള്ള അടിയുറച്ച ബോധ്യം വെളിപ്പെടുത്തുവാനുള്ള അവസരം. തന്റെ മക്കൾ ക്ഷമയോടെ തന്നെ അനുധാവനം ചെയ്യുന്നതും മറഞ്ഞിരിക്കുന്ന

**ശേഷം പേജ് 30** ▶





ഡോ. സജികുമാർ കെ. പി.

# വാക്കുകളിൽ വ്യത്യസ്തരാവുക

**നമുക്ക് കൂട്ടുകാരുടെയും മറ്റും ഇടയിൽ പ്രോൽസാഹനങ്ങളും പ്രതീക്ഷകളും നൽകുന്ന ആളുകളാകാൻ ആഗ്രഹമില്ലേ? തളർന്ന മനസ്സുകളെ ഉറപ്പിക്കാനും ക്ഷീണിതരെ ആശ്വസിപ്പിക്കാനും കഴിയുന്ന വിധത്തിൽ വ്യത്യസ്തരാകുവാൻ നാം എന്തു ചെയ്യണം?**

'**എ**രിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ' നിരാശയിലും ഭാരത്തിലും ഇരിക്കുമ്പോൾ തളർത്തുന്ന വാക്കുകൾ പറയുന്ന ധാരാളം പേരുണ്ട്. പക്ഷേ ആ സമയത്ത് പ്രോത്സാഹനം തരുന്നതും ആശ്വസിപ്പിക്കുന്നതുമായ വാക്കുകൾ ആരെങ്കിലും പറയുന്നു എങ്കിൽ ജീവിതകാലം മുഴുവൻ ഓർക്കത്തക്ക അനുഭവമായിരിക്കും അത്. പ്രകാശം പരത്തുന്ന മെഴുകുതിരിപോലെ സൗരഭ്യം പരത്തുന്ന മനോഹര പുഷ്പം പോലെ തക്കസമയത്ത് ആശ്വാസവും പ്രത്യാശയും പരത്തുന്ന വാക്കുകൾ പറയാൻ കഴിയുക എന്നത് ഒരു വലിയ ദൈവകൃപയാണ്. അങ്ങനെയുള്ള വാക്കുകൾ പറയുന്നതിലേക്ക് നമ്മെ ഒരുക്കുന്ന ചില ചിന്തകൾ നോക്കാം.

ആദ്യമായി മുറിപ്പെടുത്തുന്ന വാക്കുകൾ പറഞ്ഞ ചിലരും അവർ ഉണ്ടാക്കിയ പ്രശ്നങ്ങളും വേദപുസ്തകത്തിൽ നിന്നു നോക്കാം:

**1 ശമുവേൽ 1: 7**

മക്കൾ ഇല്ല എന്ന വിഷയത്തിൽ വളരെ ഭാരപ്പെട്ടിരുന്ന ഹന്നായെ കുത്തി മുറിവേൽപ്പിക്കുന്ന വാക്കുകളാണ് അവളുടെ 'പ്രതിയോഗി' പറഞ്ഞത്. എന്തൊക്കെയായിരിക്കാം അത്? അവൾ ഇനി എന്തിനാണ് പ്രാർഥിക്കുന്നത് എന്നും ദൈവത്തിന് ഹന്നായോട് ഒരു കരുണയും ഇല്ല എന്നും അതല്ലെങ്കിൽ ഏതോ മാരക പാപങ്ങൾ ചെയ്തതിന്റെ അനന്തരഫലമായ ശാപമാണ് ഹന്ന അനുഭവിക്കുന്നത് എന്നൊക്കെ ആയിരിക്കാം ആ വാക്കുകൾ. എത്രമാത്രം വേദനയാകാം ഈ വാക്കുകൾ ഹന്നയ്ക്കു നൽകിയത്? അനന്തരഫലം എന്താണ്? ഹന്ന വളരെ കരഞ്ഞു പട്ടിണി കിടന്നു.

**ഇയ്യോബ് 2 : 7–10**

ഇയ്യോബിന്റെ മാനസികാവസ്ഥ വളരെ ദയനീയമായ ഒരു സാഹചര്യം ആണ് ഇവിടെ. മക്കൾ നഷ്ടപ്പെട്ടു, ആടുമാടുകളും ദാസീദാസന്മാരും എല്ലാം നഷ്ടപ്പെട്ടു, ദേഹം മുഴുവൻ വ്രണങ്ങൾ നിറഞ്ഞു ഇങ്ങനെ ശാരീരികമായും ആന്തരികമായും തകർന്നിരിക്കുന്ന ഒരു വ്യക്തിയോട് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞ വാക്കുകൾ എന്തൊക്കെ ആയിരുന്നു? എത്ര മൂർച്ചയുള്ള വാക്കുകൾ ആയിരുന്നിരിക്കാം അത്? നമ്മുടെ വാക്കുകൾ മൂർച്ചയുള്ള അസ്ത്രങ്ങൾ പോലെയാണ്. ചിലപ്പോൾ കേൾക്കുന്ന വ്യക്തികളെ കീറിമുറിക്കാൻ അവ ഉപയുക്തമായേക്കാം. അങ്ങനെയുള്ള മുറിവ് അനേക നാളുകൾ നിലനിന്നേക്കാം.

പക്ഷെ നമ്മുടെ ദൈവം പ്രോത്സാഹനത്തിന്റെയും ആശ്വാസത്തിന്റെയും വാ

ക്കുകൾ പറഞ്ഞ് അനേകരെ ഉറപ്പിക്കുന്ന ദൈവമാണ്. ദൈവത്തോടു ചേർന്നു നടക്കാൻ ആഗ്രഹിക്കുന്നവരും അങ്ങനെ തന്നെ ആകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം കരുണ ഉള്ളവൻ എന്നതുപോലെ നാമും കരുണ ഉള്ളവർ ആകാൻ ശീലിച്ചാൽ ദൈവത്തിന്റെ വാക്കുകൾ നമുക്കും അനുകരിക്കാൻ സാധിക്കും. ചില സാഹചര്യങ്ങളിൽ ഭാരപ്പെട്ടും ആശയക്കുഴപ്പത്തിലും ആയിരുന്ന ചിലരെ ദൈവം ഇറങ്ങിവന്ന് ധൈര്യപ്പെടുത്തിയ വാക്കുകൾ വേദപുസ്തകത്തിൽ നിന്ന് വായിച്ചിട്ടില്ലേ? അവയിൽ ചിലത് ചുവടെ കൊടുക്കുന്നു:

**1) ഉല്പത്തി 28 : 10-15**

സ്വന്തം വീട്ടിൽ നിന്ന് ഓടി പോകേണ്ടിവന്ന യാക്കോബ് ഇനി എന്തു സംഭവിക്കും എന്ന് വല്ലാതെ ആശയക്കുഴപ്പത്തിലായി. സ്വന്തം മാതാപിതാക്കളെ ഇനി ജീവനോടെ കാണാൻ കഴിയുമോ? ഇനി ഞാൻ എന്റെ സ്വന്തം നാട്ടിലേക്കു മടങ്ങിപ്പോകുമോ? എന്നിങ്ങനെ അനവധി ചോദ്യങ്ങളുമായി ഇരുട്ടുനിറഞ്ഞ അന്തരീക്ഷത്തിൽ കിടന്നപ്പോൾ ദൈവം ഇറങ്ങിവന്ന് യാക്കോബിന് ദർശനം കൊടുത്തു. എന്നുമാത്രമല്ല ദൈവം എന്നും കൂടെയുണ്ടാകും എന്നും, സൂക്ഷിക്കും എന്നും, ഈ സ്വന്തദേശത്തേക്ക് മടക്കികൊണ്ടുവരും എന്നും ആശ്വാസത്തിന്റെ വചനവും നൽകി.

**2) യോശുവ 1 : 1-9**

മോശെയുടെ മരണശേഷം തീർച്ചയായും യോശുവ വളരെ ആശയക്കുഴപ്പത്തിൽ ആയിരുന്നിരിക്കാം. ഈ ജനത്തെ മുഴുവൻ നേതൃത്വം നൽകി എങ്ങനെ കൊണ്ടുപോകും എന്ന് ചിന്തിച്ച് നിരാശപ്പെടാൻ വളരെ സാധ്യത ഉണ്ടായിരുന്ന സമയത്ത് ദൈവം ഇറങ്ങിവന്ന് യോശുവയോട് ഉറപ്പും ധൈര്യവും ഉള്ളവൻ ആയിരിക്ക; മോശെയുടെ കൂടെ ഇരുന്നതുപോലെ ഞാൻ നിന്നോടു കൂടെയും ഇരിക്കും. നീ യിസ്രായേലിനെ അക്കരെ കടത്തും എന്നൊക്കെ പറഞ്ഞപ്പോൾ യോശുവയ്ക്ക് എത്ര യധികം ധൈര്യം ലഭിച്ചു കാണും? യോശുവ ഭാരപ്പെട്ട ഓരോ വിഷയങ്ങൾക്കും കൃത്യമായ ഉത്തരങ്ങൾ തന്നെ ആയിരുന്നു ദൈവം നൽകിയത്.

മറ്റുള്ളവരെ സ്ഥിരമായി മുറിപ്പെടുത്തുകയും എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ ദു:ഖിതരെ വേദനപ്പെടുത്തുകയും ചെയ്യുന്നവരുടെ പ്രശ്നം എന്താണ്? നമുക്ക് കൂട്ടുകാരുടെയും മറ്റും ഇടയിൽ പ്രോൽസാഹനങ്ങളും പ്രതീക്ഷകളും നൽകുന്ന ആളുകളാകാൻ ആഗ്രഹമില്ലേ? തളർന്ന മനസ്സുകളെ ഉറപ്പിക്കാനും ക്ഷീണിതരെ ആശ്വസിപ്പിക്കാനും കഴിയുന്ന വിധത്തിൽ വ്യത്യസ്തരാകുവാൻ നാം എന്തു ചെയ്യണം?

**1) ആദ്യമായി ചെയ്യേണ്ടത് നമ്മുടെ ആത്മവിശ്വാസം വർധിപ്പിക്കുക എന്നതാണ്.**

നമുക്ക് ആദ്യം നമ്മുടെ മനസ്സിനെ ധൈര്യത്തോടെ നിലനിർത്താൻ കഴിഞ്ഞാലേ മറ്റുള്ളവരെ ധൈര്യപ്പെടുത്താൻ സാധിക്കൂ. അതിനായി നമ്മുടെ കഴിവുകളെ തിരിച്ചറിയാൻ ശ്രമിക്കുക. സ്വന്ത നേട്ടങ്ങളിൽ സന്തോഷിക്കുവാൻ പഠിക്കുക. നന്നായി ധൈര്യത്തോടെ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാൻ പഠിക്കുക. ഏതു പ്രതിസന്ധികളെയും ധൈര്യത്തോടെ തരണം ചെയ്യാൻ നമുക്കു സാധിച്ചാൽ മാത്രമേ മറ്റുള്ളവരിലേക്ക് ആ കഴിവ് പകരാൻ നമുക്കു സാധിക്കുകയുള്ളൂ.

**2) പ്രോൽസാഹനത്തിന്റെ വാക്കുകൾ പറഞ്ഞു ശീലിക്കുക.**

വിഷമത്തിൽ ഇരിക്കുന്ന ഒരാളെ കണ്ടാൽ ഉടൻ ആ വ്യക്തിയോട് സംസാരിക്കാനും ആ വ്യക്തിയെ കേൾക്കാനും സമയം വേർതിരിക്കുക. ക്ഷമയോടെ ആ വ്യക്തി അവതരിപ്പിക്കുന്ന പ്രശ്നങ്ങളെ കേൾക്കുക. നിങ്ങൾക്ക് അത്തരം പ്രശ്നം ഉണ്ടാവുകയും അത് നിങ്ങൾ അതിജീവിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ അനുഭവം പങ്കു വെയ്ക്കുക. നിങ്ങൾക്കറിയാവുന്ന ആരെങ്കിലും ഇത്തരം പ്രശ്നത്തെ അതിജീവിച്ചത് അറിയാമെങ്കിൽ അത് പങ്കുവെയ്ക്കുക.

**3) ദൈവവചനം ഉപയോഗിക്കുക.**

ഒരു വ്യക്തിക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നതിൽ ദൈവവചനത്തിനുള്ള പങ്ക് വളരെ വലുതാണ്. നിങ്ങൾ വായിക്കുന്ന വചനങ്ങൾ ആശ്വാസത്തിനും പ്രത്യാശയ്ക്കും ഉതകുന്നതായി തോന്നിയാൽ അത് എഴുതി വയ്ക്കുക. മനസ്സിൽ അതിനെ മന:പ്പാഠമാക്കുക. കൃത്യസമയങ്ങളിൽ അത് ഉപയോഗിക്കാനും മറ്റുള്ളവരെ താങ്ങുവാനും നിങ്ങൾക്കു സാധിക്കും.

**4) പ്രാർഥന എന്ന ഒറ്റമൂലി**

ദു:ഖത്തിലായിരിക്കുന്ന ആരും ആവട്ടെ അവർക്ക് പ്രാർഥന വലിയ ആശ്വാസമാകും. അത് ഏതു മതത്തിൽപ്പെട്ട വ്യക്തിയാണെങ്കിലും അങ്ങനെ തന്നെ ആ വ്യക്തിയുടെ അടുത്തിരുന്ന് ആ വ്യക്തിക്കു വേണ്ടി പ്രാർഥിക്കുമ്പോൾ ആ വ്യക്തിയുടെ മനസ്സിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഭാരങ്ങൾ നിങ്ങളുടെ പ്രാർഥനാ വാചകങ്ങളിൽ ഉൾപ്പെടുത്തി പ്രാർഥിക്കുക. ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# ലക്ഷ്യപ്രാപ്തിക്കായി മിടിക്കുന്ന ഹൃദയം

ദൈവപുരുഷനായ യിരെമ്യാവ് അനുതപിക്കുവാനുള്ള നിർദ്ദേശം ജനത്തിനു നല്കി. ഇല്ലെങ്കിൽ യെരുശലേം നശിക്കുമെന്ന മുന്നറിയിപ്പും നല്കി. അതങ്ങനെ സംഭവിക്കയും ചെയ്തു. നെബുക്കദ്നേസർ രാജാവിന്റെ സൈന്യം യെരുശലേമിനെ ഉപരോധിച്ചു, ഭക്ഷണസാധനങ്ങളൊന്നും നഗരത്തിലെത്താതെയായി. ക്രമേണ യെരുശലേം നിർമ്മൂലമാക്കപ്പെട്ടു. വിലാപങ്ങളുടെ പുസ്തകത്തിൽ യിരെമ്യാവു പ്രഖ്യാപിക്കുന്നതുപോലെ, അവശേഷിച്ച യഹൂദന്മാരെ അടിമകളായി പിടിച്ചുകൊണ്ടു പോയി. അതു യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും കറുത്ത ഒരധ്യായമാണ്.

അവർ ഭ്രഷ്ടന്മാരായി ചിതറിപ്പോയെങ്കിലും അവരെ മടക്കിവരുത്തുവാൻ ദൈവത്തിനു പദ്ധതി ഉണ്ടായിരുന്നു. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ബാബേലിലെ എഴുപതു സംവത്സരം കഴിഞ്ഞശേഷമേ ഞാൻ നിങ്ങളെ സന്ദർശിച്ച് ഈ സ്ഥലത്തേക്ക് മടക്കിവരുത്തുമെന്നു നിങ്ങളോടുള്ള എന്റെ വചനം ഞാൻ നിവർത്തിക്കയുള്ളൂ..." (യിരെമ്യാവ് 29:10,11). മടങ്ങിവരവിന്റെ പ്രധാന്യം ധ്വനിപ്പിക്കുന്ന സംഭവങ്ങളും വാക്യങ്ങളും വേറെയുമുണ്ട് വചനത്തിൽ: "ദൈവം ജീവനെ എടുത്തുകളയാതെ ഭ്രഷ്ടനായവൻ തനിക്ക് ഇനിയും ഭ്രഷ്ടനായിരിക്കാതെവണ്ണം മാർഗം ചിന്തിക്കുന്നില്ല" (2 ശമുവേൽ 14:14).

ദൈവം മടങ്ങിവരവ് അനുവദിക്കുന്ന ദൈവമാണ് എന്നത് സന്തോഷകരമായ ഒരു കാര്യമാണ്. അനുസരണംകെട്ടു ശിക്ഷ ഏറ്റുവാങ്ങിയവരാണെങ്കിലും ആ യഹൂദന്മാരുടെ മടങ്ങിവരവിനു പദ്ധതി ഒരുക്കി ദൈവം. പിടിക്കപ്പെടുകയും അടിമകളായിപ്പോകയും ചെയ്ത സാഹചര്യം ഖേദകരമായിരുന്നുവെങ്കിലും തന്റെ ജനത്തിന്റെ പുനഃസ്ഥാപനത്തിന് ഒരു സമയം ദൈവം നിശ്ചയിച്ചു.

**അടിമത്തവുമായുള്ള പൊരുത്തപ്പെടൽ**

ബാബേൽ പ്രവാസത്തിലായിപ്പോയ ആളുകളിൽ ചിലർക്ക് മടങ്ങി

**നമ്മുടെ നഷ്ടങ്ങൾക്കു നീക്കുപോക്കു തരുവാൻ ദൈവത്തിനു കഴിയും. നാം ഏതു സാഹചര്യങ്ങളിലൂടെ പോകുന്നു എന്നതോ, നമുക്കെന്തു വീഴ്ച യാണു സംഭവിച്ചതെന്നതോ, നാം എന്തിനാൽ മടുത്തു വ്യസനിച്ചിരിക്കുന്നു എന്നതോ പരിശുദ്ധാത്മാവിനു പ്രശ്നമല്ല, അവിടുന്നു നമ്മെ യഥാസ്ഥാനപ്പെടുത്തും.**

വരവ് എന്ന സ്വപ്നമേ ഉണ്ടായിരുന്നില്ല, അത് അസാധ്യം എന്നവർ കരുതി. മടങ്ങിവരവിന് കാല മായപ്പോഴും ചിലർ ബാബേലിൽത്തന്നെ തുടരു വാൻ തൽപ്പരരായിരുന്നു. അടിമത്വവുമായി പൊരു ത്തപ്പെട്ട അവർ തങ്ങൾക്ക് അവിടെ ലഭിച്ച താവള ങ്ങളിൽ തുടരുവാനാണ് ഇഷ്ടപ്പെട്ടത്. ബാബേ ലിലും പേർഷ്യൻ പ്രദേശങ്ങളിലും തുടർന്ന ഇത്ത രക്കാരുടെ പിന്മുറക്കാർ ഇന്നും ഇറാനിലും മറ്റും ഉണ്ട്. എന്നാൽ പ്രവാസികളിൽ ആയിരക്കണ ക്കിനു ആളുകളുടെ ഉള്ളത്തിൽ മാതൃദേശത്തിന്റെ ഹൃദയമിടിപ്പുകൾ മാറ്റൊലിക്കൊണ്ടിരുന്നു. ദൈവാ ത്മാവും അവരെ ഉള്ളിൽ ഉണർത്തിയിരുന്നു. പ്രവാസജീവിതത്തെക്കുറിച്ചുള്ള മടുപ്പും ഒരസ്വസ്ഥ തയും അവരുടെ ഉള്ളങ്ങളിൽ പരിശുദ്ധാത്മാവു നല്കി. അവരുടെ വാഗ്ദത്തദേശം അവരെ മാടിവി ളിക്കുന്നതു കേൾക്കുന്നതുപോലെയുള്ള ഒരു ആകാംഷ അവരിൽ കാണായി. അങ്ങനെ ആ സമയം വന്നു, അവർക്കു സ്വന്തദേശത്തേക്ക് ഒരു പുനരാഗമനം ഉണ്ടായി, അവർ യെരുശലേമിലെത്തി ദൈവാലയം പണിതു.

**പുനരുത്ഥാനത്തിന്റെ കാലം**

ഇന്നത്തെ ക്രൈസ്തവ സമൂഹവും 'ബാബേ ലിന്റെ' സുഖങ്ങളിൽ മയങ്ങിപ്പോയോ? ഈ ലോക ത്തിൽ നാം പരദേശികളാണെന്ന തിരിച്ചറിവോടെ നിത്യതയുടെയും സ്വന്തദേശത്തിന്റെയും ആകാംഷ നമ്മിൽ നിലനിർത്തേണ്ടത് ആവശ്യമാണ്. ബാബേൽ ഒരു ലഹരിയുടെ നഗരമാണെന്നതു മറ ക്കരുത് (വെളിപ്പാട് 17:18). പരിശുദ്ധാത്മാവു നമ്മെ ഏതെങ്കിലും ഒരു വിദേശ രാജ്യത്തു കൊണ്ടു പോയി പുനരധിവസിപ്പിക്കാനല്ല പദ്ധതിയിടുന്നത്, മറിച്ച് ദൈവപുത്രന്റെ നിഴലിൻകീഴിലും ശക്തി യുടെ മറവിലും വസിപ്പിക്കുകയാണ്. "വിശുദ്ധന്മാ രുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മി കവർധനയ്ക്കും ആകുന്നു" (എഫെസ്യർ 4:13). ഇതാണു നമ്മുടെ പുനരധിവാസത്തിന്റെ അവസ്ഥ. ഓരോ തവണയും ഞാൻ ദൈവവചനം വായിച്ച് ദൈവീക വാഗ്ദത്തങ്ങളുടെ മഹത്വം കാണുമ്പോൾ ദുഃഖത്തോടെ ഓർക്കുന്ന കാര്യമാണ്, ദൈവസഭ യിലെ എത്രയോ ആളുകൾ ഇന്നും ഈ അവസ്ഥ യിലേക്കു വരാതെ പ്രവാസത്തിൽ കഴിയുകയാണ് എന്നത്. നിങ്ങൾക്കും അങ്ങനെ തോന്നിയിട്ടില്ലേ? ദൈവീക വാഗ്ദത്തങ്ങളുടെ പൂർണതയിലേക്ക് എത്തുവാനോ അതിൽ നടകൊള്ളുവാനോ കഴി യാതെ തടസ്സമായി ചിലത് നിങ്ങളുടെ ജീവിത ത്തിൽ ഉണ്ട് എന്നു തോന്നാറുണ്ടോ? ഓർക്കുക ദൈവം യിസ്രായേലിനെ അവരുടെ ദേശത്ത് പുന സ്ഥാപിച്ചതുപോലെ, തന്റെ സഭയെയും യഥാസ്ഥാ നപ്പെടുത്തി ക്രിസ്തുതുല്യതയിലേക്കു നയിക്കു വാൻ ആഗ്രഹിക്കുന്നു. നിരാശപ്പെടേണ്ട, പ്രതീക്ഷ കൈവിടരുത്. കർത്താവിന്റെ മടങ്ങിവരവു സംഭവി ക്കുന്നതിനു മുമ്പ് ഒരു മടങ്ങിവരവും യഥാസ്ഥാ നവും സാധ്യമാകട്ടെ (അപ്പോ. പ്രവൃത്തി 3:19-21). നാം ഹൃദയങ്ങളെ ഒരുക്കുന്നുവെങ്കിൽ സഭയെ അനുഗ്രഹ സമൃദ്ധിയിലേക്കു നടത്തുന്ന ഒരു യഥാ സ്ഥാപനം ദൈവം നിർവ്വഹിക്കും. അപ്പോൾ കർത്താവു ചെയ്തതു പോലുള്ള പ്രവൃത്തികളെ ചെയ്വാൻ നാം പ്രാപ്തരാകുകയും (യോഹന്നാൻ 14.12) കർത്താവിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരാൻ നമുക്കു കഴിയുകയും ചെയ്യും (എഫെസ്യർ 3.19).

**മഹത്വത്തിന്മേൽ മഹത്വം**

പ്രക്ഷുബ്ധമായിരിക്കുന്ന മാനസികാവസ്ഥ യിലും ദാവീദിനെപ്പോലെ സ്വസ്ഥത അനുഭവിക്കു വാൻ (സങ്കീർത്തനം 23.3) കഴിയത്തക്കവണ്ണം നമ്മെ വ്യക്തിപരമായി സാന്ത്വനപ്പെടുത്തുവാൻ ദൈവത്തിനു കഴിയും. നമ്മുടെ നഷ്ടങ്ങൾക്കു നീക്കുപോക്കു തരുവാൻ ദൈവത്തിനു കഴിയും. നാം ഏതു സാഹചര്യങ്ങളിലൂടെ പോകുന്നു എന്നതോ, നമുക്കെന്തു വീഴ്ചയാണു സംഭവിച്ചതെ ന്നതോ, നാം എന്തിനാൽ മടുത്തു വ്യസനിച്ചിരി ക്കുന്നു എന്നതോ പരിശുദ്ധാത്മാവിനു പ്രശ്നമല്ല, അവിടുന്നു നമ്മെ യഥാസ്ഥാനപ്പെടുത്തും. ഒരു പക്ഷേ ലജ്ജാകരമായതു വല്ലതും നിങ്ങൾക്കു സംഭവിച്ചിരിക്കാം അതിനാൽ നിങ്ങൾ മനസ്സു തകർന്ന അവസ്ഥയിലുമായിരിക്കാം എന്നാൽ നിങ്ങളെ ആശ്വസിപ്പിക്കുവാനും ധൈര്യപ്പെടുത്തു വാനുമുള്ള വാക്കുകൾ ദൈവത്തിന്റെ പക്കലുണ്ട്. "ഭയപ്പെടേണ്ട, നീ ലജ്ജിച്ചുപോകയില്ല; ഭ്രമിക്കേണ്ട നീ നാണിച്ചുപോകയില്ല..." (യെശയ്യാവ് 54:4)

ബാബേലിന്റെ നിലവാരത്തോട് നിങ്ങളുടെ ഹൃദയം പൊരുത്തപ്പെട്ടുപോകാൻ അനുവദിക്കരു ത്. കുറെപ്പേർ ബാബേലിൽ വേരുറപ്പിച്ചെങ്കിലും ആയിരങ്ങൾ യരുശലേമിലേക്കു മടങ്ങി എന്ന തോർക്കുക. ദൈവം വാഗ്ദത്തം ചെയ്തത് എന്തോ അതു നേടാനായി അവർ പുറപ്പെട്ടു. നമുക്കും വേണ്ടത് ആ മനോഭാവവും സന്നദ്ധതയുമാണ്. നിത്യതയുടെ ഹൃദയമിടിപ്പ് ഏറ്റുവാങ്ങാം, നമ്മെ യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം ആഗ്രഹി ക്കുന്നു.

# യേശുക്രിസ്തു ഏകരക്ഷാമാർഗം എല്ലാ അർഥത്തിലും



ചെയ്സ് ജോസഫ്

രക്ഷാമാർഗം ക്രിസ്തു മാത്രം എന്നത് നാം ഉൾക്കൊള്ളുന്ന നവീകരണ ആശയങ്ങളിൽ ഒന്നാണ്. എല്ലാത്തിന്റെയും ഉറവിടം ക്രിസ്തുവാണ്. ക്രിസ്തുവിൽ എല്ലാ ദൈവീക സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുകയും അവനിൽ നാം സമ്പൂർണ്ണരായി ദൈവ മുൻപാകെ നിൽക്കുകയും ചെയ്യുന്നു.

ഏകന്റെ ലംഘനത്തെ കുറിച്ച് നാം കഴിഞ്ഞ അധ്യായത്തിൽ കണ്ടു. ഈ അധ്യായത്തിൽ നാം ക്രിസ്തുവിലൂടെയുള്ള നീതി ദാനത്തിന്റെ സമൃദ്ധിയെ കുറിച്ചാണ് പരാമർശിക്കുന്നത്. എങ്ങനെയാണ് ഒരാളുടെ അനുസരണം എല്ലാവരെയും (വിശ്വസിക്കുന്ന എല്ലാവരെയും) നീതിമാന്മാർ ആക്കുന്നത്.

ആദമിൽ ഉണ്ടായിരുന്നവർ എല്ലാം ആദാമിന്റെ പാപം നിമിത്തം പാപത്തിനു അടിമകളായി അതാതു സമയങ്ങളിൽ ജനിച്ചു. എന്നാൽ ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കു വിശ്വാസത്താൽ ക്രിസ്തുവിനാൽ ഉള്ള നീതീദാനങ്ങളുടെ സമൃദ്ധി ലഭിച്ചു. ആ നീതീകരണം നമുക്ക് ദൈവത്തിന്റെ സന്നിധിയിൽ ധാരാളമായ പ്രവേശനം നൽകുകയും ചെയ്തു. ആദമിൽ ലോകം മുഴുവൻ ഭൗതീകമായി ഉണ്ടായിരുന്നു. അങ്ങനെ ആദമിൽ നിന്നുള്ളവർ എല്ലാം പാപത്തിന്റെ അടിമത്തത്തിൽ, നന്മ തിന്മകളുടെ വിവേചനത്താൽ ഉണ്ടാകുന്ന നീതിയാൽ നടന്നു. നാം എല്ലാവരും ഭൗതീകമായി നോക്കിയാൽ ആദാമിന്റെ സന്തതികൾ ആയി ജനിക്കുകയും ആദാമിന്റെ ദാനമായ പാപത്തിന്റെയും മരണത്തിന്റെയും അവകാശികൾ ആയി മാറുകയും ചെയ്തു. എന്നാൽ കരുണാസമ്പന്നനായ ദൈവമോ നമ്മെ ലോകസ്ഥാപനത്തിനു മുമ്പേ ക്രിസ്തുവിൽ തെരഞ്ഞെടുക്കുകയും ഒടുക്കത്തെ ആദാമായ ക്രിസ്തുവിന്റെ അനുസരണത്താൽ നമ്മുടേതല്ലാത്ത ദൈവീകമായ നീതി നമുക്ക് ദാനമായി കണക്കിടുകയും ചെയ്തു.

അവന്റെ അനുസരണം നമ്മെ നീതിമാന്മാർ ആക്കി. അവൻ ക്രൂശിലെ മരണത്തോളം അനുസരണം ഉള്ളവനായി തീർന്നു. ക്രിസ്തുവിൽ ദൈവം നമുക്ക് മുന്നൊരുക്കിയിരുന്നത് യേശുക്രിസ്തുവിലൂടെ നമുക്കു ലഭിക്കേണ്ട സ്വർഗീയ നീതിയുടെ കൃപാദാനം കൂടെയാണ്.

റോമാലേഖനം 5:19 ഒരു കാര്യം വ്യക്തമാക്കുന്നു. നമുക്ക് അനുസരണത്തിൽ പകരക്കാരൻ ആകുവാൻ ഒടുക്കത്തെ ആദം ആവശ്യമായിരുന്നു. അനുസരണക്കേടു ഒരു മനുഷ്യന്റേതായിരുന്നു. അത് അവനിൽ ഉള്ള എല്ലാവരെയും അതിനു അവകാശികൾ ആക്കി. അതുപോലെ അനുസരണവും ഏകന്റേതാണ്. ഏക മനുഷ്യന്റെ അനുസരണം വിശ്വസിക്കുന്ന അനേക്കരെ നീതിമാന്മാർ ആക്കി. ഇവിടെ ഉണ്ടാകേണ്ട ഒരു ചോദ്യം അനുസരണം ഏക മനുഷ്യന്റേത് ആണെങ്കിൽ വിശ്വാസിയുടെ അനുസരണത്തിനു എന്ത് പ്രസക്തി എന്നതാണ്. ഇത് വളരെയധികം തെറ്റായ ധാരണകൾക്കു കാരണം ആയിട്ടുണ്ട്. നാം പലപ്പോഴും മാനുഷീക ചിന്താഗതിയുടെ രണ്ടു വിരുദ്ധ സമീപനങ്ങൾ കാരണം ദൈവീക മർമ്മങ്ങളെ വിവേചിക്കാൻ കഴിയാത്തവർ ആയി മാറുന്നുണ്ട്. ഒരു കൂട്ടർ അനുസരണമേ വേണ്ട, ഒന്നും ചെയ്യേണ്ടതില്ല എന്ന് ചിന്തിക്കുമ്പോൾ വേറെ ഒരു കൂട്ടർ അനുസരിച്ചു നീതി സമ്പാദിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. എന്നാൽ അപ്പോസ്തോലിക ഉപദേശത്തിലൂടെ സംഭവിക്കുന്നത് നമ്മിൽ നൽകപ്പെട്ടിരിക്കുന്ന വിശുദ്ധ വിശ്വാസത്തിനു അനുസരണം വരുന്നു എന്നുള്ളതാണ്. വിശ്വാസത്തിലൂടെ അനുസരണം വരുന്നത് ദൈവീകമായ രക്ഷയുടെ യഥാർത്ഥ ലക്ഷണം ആണ്.

റോമാലേഖനം 1:6 ലും 16:24 ലും പൗലോസ് ഈ അനുസരണത്തെക്കുറിച്ച് പറയുന്നുണ്ട്. റോമാലേഖനം എഴുതിയതുതന്നെ ഈ അനുസരണം സകല ജാതികളിലും വരുത്തണം എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നു. എങ്ങനെയാണു ന്യായപ്രമാണം കൂടാതെ, വിശ്വാസത്താൽ ഒരു അനുസരണം ഉണ്ടാകുന്നത്?

ദൈവം നമ്മെ രക്ഷിക്കുന്നത് കുറച്ചു കല്പനകൾ അനുസരിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രം അല്ല. അവന്റെ ദിവ്യ സ്വഭാവത്തിൽ നമ്മെ പങ്കാളികൾ ആക്കുന്നതിനു വേണ്ടി കൂടെ ആണ്. ശരിക്കും നമ്മുടെ വീണ്ടെടുപ്പ് സ്വർഗത്തിൽ എത്തുന്നു, അല്ലെങ്കിൽ നമ്മുടെ ഭാഷയിൽ പറഞ്ഞാൽ നിത്യതയെ അവകാശമാക്കുന്നു എന്ന ഒരു കാര്യത്തിൽ ഒതുങ്ങുന്ന ഒന്നല്ല. അതിലും എത്രയോ ഉന്നതമായ കാര്യമാണ് നാം ക്രിസ്തുവിനെ നേടുന്നു (ഫിലിപ്പിയർ 3:9) എന്നതും ദിവ്യസ്വഭാവത്തിന് നാം കൂട്ടാളികൾ ആകുന്നു എന്നതും (2 പത്രോസ് 1:4). ഇത് രണ്ടും വിശ്വാസത്താൽ സംഭവിക്കുന്നതാണ്. ഏതെങ്കിലും മതത്തിൽ ചേരുന്നത് കൊണ്ടോ സഭയിലെ പ്രമാണങ്ങൾ വിശ്വസിക്കുന്നതുകൊണ്ടോ അല്ല, രക്ഷയെ സംബന്ധിക്കുന്ന ദൈവീക വാഗ്ദത്തങ്ങളെ വിശ്വസിക്കുവാൻ നമ്മെ ദൈവം തന്നെ സഹായിക്കുന്നത് കൊണ്ടാണ് ഈ ദിവ്യസ്വഭാവത്തിന്റെ പങ്കാളിത്തം നമുക്ക് ലഭിക്കുന്നത്. നമ്മുടെ ഓട്ടം ക്രിസ്തുവിനെ നേടാൻ ആണ്, അതിൽ കുറഞ്ഞ ഒന്നിനാലും നമുക്ക് തൃപ്തിപ്പെടാൻ ആവില്ല, ആവരുത്. നമ്മുടെ സ്വഭാവത്തിന്റെ രക്ഷയാണ് നമ്മെ അനുസരിക്കുന്നവർ ആക്കുന്നത്. ദൈവം നമ്മെ യഥാർഥമായി പുതിയ സൃഷ്ടി ആക്കി. ഒരു പുതിയ, ദൈവീക സ്വഭാവം അവൻ നമുക്ക് തന്നു, അത് വിശ്വാസത്താൽ നാം ഓരോ നിമിഷവും അനുഭവിക്കുന്ന, നമ്മുടെ ജഡത്താൽ സാധിക്കാത്ത, കൃപയാൽ നമുക്ക് അവകാശമാകുന്ന, ദൈവീക സ്വഭാവം ആണ്. അത് യേശുക്രിസ്തുവിന്റെ നീതി ആണ്.

ഒന്ന് ആലോചിച്ചുനോക്കൂ. മുമ്പേ നാം ഈ ലോകത്തിന്റെ അനുസരണക്കേടിന്റെ ആത്മാവിനു അടിമകളായിരുന്നു. കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്വതന്ത്രരാക്കി. ഇനിയും നാം അടിമനുകത്തിൽ കുടുങ്ങി പോകരുത്. ഇനിയും നാം പഴയ പാപപ്രമാണങ്ങളെ പിന്തുടരേണ്ടതില്ല. നരകത്തെ അല്ലെങ്കിൽ ശിക്ഷയെ ഭയന്ന് ഒരാൾ അനുസരിക്കുന്നത് ഒരിക്കലും അയാളെ വിശുദ്ധീകരണത്തിലേക്കു നയിക്കുന്നില്ല. ആ അനുസരണം വരുന്നത് അയാളുടെ സ്വഭാവത്തിൽ നിന്നല്ല. പ്രത്യുത അയാളുടെ ഭയത്തിൽ നിന്നാണ്, എന്നാൽ സ്വഭാവം മാറുമ്പോൾ നമ്മുടെ ഭയം നീങ്ങും. നമ്മുടെ അനുസരണം നമ്മുടെ സ്വഭാവത്തിൽ നിന്നല്ലാതാവും. ക്രിസ്തു നമുക്ക് തരുന്നത് ഒരു പുതിയ സ്വഭാവം ആണ്. അത് വിശുദ്ധ വിശ്വാസത്താൽ നമുക്ക് ലഭിക്കുന്ന ദൈവീക സ്വഭാവങ്ങളുടെ പങ്കുവയ്ക്കൽ ആണ്. അങ്ങനെ വിശ്വാസത്താൽ നാം ക്രിസ്തുവിന്റെ സ്വഭാവത്തിലേക്ക് പ്രവേശിക്കുന്നു, ഓരോ നിമിഷവും ഞാൻ മനസ്സിലാക്കുന്നു ഞാൻ കാഴ്ചയിൽ ജീവിക്കുമ്പോൾ എന്റെ പ്രയത്നങ്ങളിൽ കഷ്ടപ്പെടുന്നു, എന്റെ ജീവിതം ജീവിക്കുന്നു, എന്നാൽ വിശ്വാസത്തിലേക്ക് പ്രവേശിക്കുമ്പോൾ ഞാൻ എന്റെ ജീവിതം അല്ല, എനിക്ക് പകരം ക്രിസ്തു ജീവിക്കുന്ന അനുസരണത്തിലേക്കു വരുന്നു. ഇതാണ് നമ്മെ വിശുദ്ധീകരിക്കുകയും ദിവ്യസ്വഭാവം നമുക്ക് തന്നു നമ്മെ അനുസരിപ്പിക്കുകയും ചെയ്യുന്ന വിശുദ്ധ വിശ്വാസം.

പൗലോസ് ഈ വാക്യങ്ങളിലൂടെ സൂചിപ്പിക്കുന്നത് ക്രൂശിലെ യാഗം എന്ന ഒറ്റ അനുസരണത്തെക്കുറിച്ചാണ്. എന്നാൽ അത് ഒരു നിമിഷം സംഭവിക്കുന്ന ഒറ്റ അനുസരണം അല്ല. പ്രത്യുത തുടർച്ചയായ അനുസരണത്തിന്റെ പൂർത്തീകരണം ആണ്. ക്രൂശിലെ മരണത്തോളമാണ് അവന്റെ അനുസരണം. മരണംവരെയും ഉള്ള അനുസരണം ആണ് നീതിയെ പൂർത്തിയാക്കിയത്. ഓരോ നിമിഷവും ശ്രദ്ധാപൂർവ്വമായ അനുസരണം അവൻ പരിശീലിച്ചു.

"മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു" (ഫിലിപ്പിയർ 2 :8 )

"പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രായർ 5:8). ഈ വാക്യങ്ങളിലൂടെ നമ്മൾ കാണുന്നത് യേശുക്രിസ്തുവിന്റെ അനുസരണം എത്രയോ വേദനാജനകവും, അതെ സമയം സമ്പൂർണ്ണമായി നമ്മെ രക്ഷിക്കുവാൻ പര്യാപ്തവും ആയിരുന്നു എന്നാണ്.

ഒന്നാം ആദം അനുസരണക്കേടിലൂടെ അവന്റെ തലമുറയെ ശാപഗ്രസ്തമാക്കിയപ്പോൾ ഒടുക്കത്തെ ആദം അവന്റെ അനുസരണത്തിലൂടെ നമ്മെ ദൈവത്തോട് നിരപ്പിച്ചു. അതുകൊണ്ട് നാം ഏറ്റു പറയുന്നത് അവന്റെ നാമത്തെയാണ്. ഏകന്റെ അനുസരണം നമുക്ക് രക്ഷയ്ക്ക് കാരണമായി. അത് ദൈവീക സ്വഭാവത്തിന്റെ പങ്കാളിത്തം നമുക്ക് അവകാശമായി നൽകിയിരിക്കുന്നു, അതുകൊണ്ട് നമ്മുടെ അനുസരണം നമ്മുടെ പുതിയ ജീവന്റെ സമൃദ്ധിയിൽ നിന്നാണ് ഉണ്ടാവുന്നത്. ഭയത്തിൽ നിന്നല്ല, പിന്നെയോ ദൈവീക സ്വഭാവത്തിന്റെ പങ്കാളിത്തത്തിൽ നിന്നാണ്. ■





എൽസി ജോയ്

# ഒറ്റപ്പെടലിന്റെ വേദന

ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കുന്ന ഒരുപാട് ആളുകൾ നമുക്ക് ചുറ്റുമുണ്ട്. വല്ലപ്പോഴും ഒക്കെ അതിന്റെ വേദന അറിഞ്ഞവരായിരിക്കും നമ്മിൽ പലരും. നാം ആരെയും അറിഞ്ഞു കൊണ്ട് ഒറ്റപ്പെടുത്തുകയില്ല. അഥവാ അങ്ങനെ നമുക്ക് സംഭവിച്ചിട്ടുണ്ടെങ്കിൽ തെറ്റ് തിരുത്തണം. ഒറ്റപ്പെടൽ അനുഭവിക്കുന്ന വ്യക്തിയുടെ വേദന വളരെ വലുതാണല്ലോ.

വിശുദ്ധ വേദപുസ്തകത്തിൽ ഈ വേദന അനുഭവിച്ച പലരേയും കാണുവാൻ നമുക്ക് കഴിയും. സഹോദരിമാരോടുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ ലേയയെയാണ് എനിക്ക് ഓർമ്മ വരുന്നത്. ലേയയുടെ ജീവിതം പരാജയമായിരുന്നില്ല. ഒറ്റപ്പെടലിനെ അതിജീവിക്കുവാൻ ലേയയ്ക്കു കഴിഞ്ഞു. അതേക്കുറിച്ച് അല്പമായി ചിന്തിക്കാം.

ലേയയുടെ കണ്ണ് ശോഭ കുറഞ്ഞതായിരുന്നു (ഉല്പത്തി 29 : 17). ഇത് അവളുടെ ജീവിതത്തെ സാരമായി ബാധിച്ചിരുന്നു എന്നു വേണം കരുതാൻ. പല കാര്യങ്ങളിലും അവൾ പിന്നിലാകുവാൻ അത് കാരണമായിട്ടുണ്ട്. അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരുന്നത് റാഹേൽ ആയിരുന്നല്ലോ (ഉല്പത്തി 29 :9). ലേയയ്ക്ക് പ്രധാനപ്പെട്ട റോളുകൾ ഒന്നും വീട്ടിൽ ഉണ്ടായിരുന്നില്ല. യാക്കോബിന് റാഹേലിനെ ഇഷ്ടപ്പെട്ടു എന്നത് തികച്ചും സ്വാഭാവികമാണ്. റാഹേൽ കാര്യക്ഷമതയുള്ളവളും സുന്ദരിയും ആയിരുന്നല്ലോ. മനഃപൂർവ്വം അല്ലെങ്കിലും വീട്ടിലും ബന്ധുജനങ്ങളുടെ മധ്യേയും ലേയയ്ക്ക് ഒറ്റപ്പെടൽ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

ശാരീരികമായ അംഗവൈകല്യം അനുഭവിക്കുന്ന പലരും നമുക്ക് ചുറ്റിലും ഉണ്ട്. അവരോടുള്ള നമ്മുടെ മനോഭാവം എന്താണ്? അവർ നമ്മുടെ സഹതാപമോ ആക്ഷേപമോ അല്ല ആഗ്രഹിക്കുന്നത്; നമ്മുടെ അംഗീകാരമാണ് അവർക്ക് വേണ്ടത്. എന്തെങ്കിലും ശേഷിക്കുറവ് അവർക്കുണ്ടെങ്കിൽ മറ്റ് പല ശേഷികളും അവർക്കുണ്ട് എന്നതാണ് വാസ്തവം. അവരുടെ കഴിവുകൾ കണ്ടെത്തുവാൻ അവരെ സഹായിക്കുക; അവർ അംഗീകരിക്കപ്പെടുന്നു എന്ന ബോധ്യം നൽകുക. അവരുടെ കഴിവുകൾ വികസിപ്പിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. എല്ലാറ്റിനും ഉപരിയായി സ്രഷ്ടാവായ ദൈവത്തിന് അവരോടുള്ള സ്നേഹവും കരുതലും ബോധ്യപ്പെടുത്തുക. അവർ സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നു എന്നും ആവശ്യമുള്ളവരാണെന്നുമുള്ള ബോധ്യം അവർക്ക് ഉണ്ടാകുമ്പോൾ അവരുടെ ജീവിതം ആനന്ദകരമാകും.

ലേയയ്ക്ക് കണ്ണിന് ശോഭ കുറവുണ്ടായിരുന്നു എങ്കിലും മറ്റ് യാതൊരു ആരോഗ്യപ്രശ്നവും ഉണ്ടായിരുന്നില്ല. എങ്കിലും റാഹേലുമായി താരതമ്യം ചെയ്യുമ്പോൾ അവൾ പുറകിലായി. പലപ്പോഴും താരതമ്യം ചെയ്യപ്പെടുന്നതിന്റെ ഭവിഷ്യത്തു പലരും അനുഭവിക്കുന്നുണ്ട്. താരതമ്യം ചെയ്യുന്നത് ഒരു അബദ്ധമാണ്; ചെയ്യുവാൻ പാടില്ലാത്തതാണ്. ദൈവം എല്ലാവരേയും സൃഷ്ടിച്ചിരിക്കുന്നത് വ്യത്യസ്തരായാണ്. അതിനാൽ കഴിവുകളും വ്യത്യസ്തമാണ്. അത് അംഗീകരിക്കുകയാണ് നാം ചെയ്യേണ്ടത്. ആരും തങ്ങളെത്തന്നെ മറ്റുള്ളവരുമായി താരതമ്യം ചെയ്ത് എനിക്ക് കഴിവില്ല എന്ന് പറയരുത്. നിങ്ങൾക്ക് ദൈവം നൽകിയിരിക്കുന്ന കഴിവുകളെ നിങ്ങൾ തിരിച്ചറിയുക.

ചിലർ ഒറ്റപ്പെടുന്നത് അവർ തന്നെ അവരെ മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെടുത്തുന്നതുകൊണ്ടാണ്. സഹകരിക്കുവാൻ വിമുഖതയുള്ളവരെ സഹകരി

പ്പിക്കുവാൻ മറ്റുള്ളവർക്കും ആകുകയില്ലല്ലോ. മറ്റുള്ളവരെ ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും കഴിയുമ്പോൾ അല്ലേ ഒരുവൻ മറ്റുള്ളവരാലും അംഗീകരിക്കപ്പെടുന്നത്. അതുകൊണ്ടാണ് "വലിപ്പം ഭാവിക്കാതെ എളിയവരോട് ചേർന്നു കൊൾവീൻ" (റോമർ 12 : 16)എന്ന പ്രബോധനം വചനം നൽകുന്നത്.

താൻ നിൽക്കെ തന്റെ ഇളയ സഹോദരിയുടെ വിവാഹം നടക്കുന്നു എന്നത് ലേയയ്ക്കും പ്രയാസം ആയിരുന്നിരിക്കാം. ലേയയെ ഇനി ആരും വിവാഹം കഴിക്കില്ല എന്ന് ലാബാനും തോന്നിയിരിക്കാം. അതിനാലായിരിക്കാം ലേയയെ യാക്കോബിന്റെ തലയിൽ കെട്ടിവെയ്ക്കണം എന്ന് ലാബാൻ ചിന്തിച്ചത്. യാക്കോബിന്റെ ഭാഷയിൽ അത് ചതിയായിരുന്നു; ലാബാന്റെ ഭാഷയിൽ അത് ന്യായമായിരുന്നു. എന്തായിരുന്നാലും മനുഷ്യന്റെ പ്രവൃത്തികളെ മുന്നറിയുന്ന ദൈവം ലേയയുടെ ജീവിതത്തിന് അനുഗ്രഹമാക്കി അത് തീർത്തു. തനിക്ക് സംഭവിച്ചത് നന്മയായി സ്വീകരിക്കുവാൻ പിൽക്കാലത്ത് യാക്കോബിന് കഴിഞ്ഞിട്ടുണ്ടാകും എന്നാണ് എന്റെ ചിന്ത. റാഹേൽ കുറച്ചു നാൾ മാത്രമല്ലേ യാക്കോബിനോടൊപ്പം ഉണ്ടായിരുന്നുള്ളൂ. വാസ്തവത്തിൽ യാക്കോബിന് തുണയായിത്തീർന്നത് ലേയ തന്നെ ആയിരുന്നല്ലോ. നമ്മുടെ ജീവിതത്തെ അനുഗ്രഹത്തിലേക്ക് നയിക്കുവാൻ കഴിയുന്ന ദൈവത്തിൽ നമുക്ക് പൂർണ്ണ വിശ്വാസം ഉണ്ടായിരിക്കണം. തിന്മ എന്ന് ഇന്ന് കരുതുന്നവ നാളെ നന്മയായിക്കൂടായ്ക ഇല്ല. ദൈവത്തെ എല്ലാം ഭരമേല്പിച്ച് ദൈവത്തിന്റെ ദയയിൽ ആശ്രയിക്കുക.

ആദ്യനാളുകളിലെ ലേയയോടുള്ള യാക്കോബിന്റെ സമീപനം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. എങ്കിലും യാക്കോബ് ദൈവഭയമുള്ളവനാകയാൽ ലേയയെ ഉൾക്കൊള്ളുവാൻ ശ്രമിച്ചു എന്നു വേണം കരുതാൻ. വളരെ വിവേകത്തോടും താഴ്മയോടും കൂടെ ലേയ യാക്കോബിനോട് ഇടപെട്ടു എന്ന് കരുതുന്നതിൽ തെറ്റില്ല. യാക്കോബിന് ഒരു വിശ്വസ്ത ഭാര്യയായിത്തീരുവാൻ ലേയയ്ക്ക് കഴിഞ്ഞല്ലോ. യാക്കോബിന്റെ അംഗീകാരം പ്രാപിക്കുന്നതിനും ലേയയ്ക്ക് കഴിഞ്ഞു. അത് തന്റെ ബാഹ്യ സൗന്ദര്യത്താലല്ല, മറിച്ച്, ആന്തരിക സൗന്ദര്യത്താൽ! ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കുന്ന ആരെങ്കിലും ഈ വരികൾ വായിക്കുന്നുണ്ടോ? നിരാശരാകാതെ ദൈവത്തോട് കൂടുതൽ അടുക്കുവാൻ തീരുമാനിക്കുക. ദൈവത്തിന്റെ സഖിത്വം

**പതിയെ പതിയെ നാമും ഒരു ഏകാന്തതയുടെ ലോകത്തിലേക്കാണ് നടന്നടുത്തുകൊണ്ടിരിക്കുന്നത് എന്ന് തിരിച്ചറിയണം**

ലഭിക്കുന്നതാണ് ഏറ്റവും വലിയ കാര്യം. ദൈവം കൂടെയുണ്ടെന്ന് ബോധ്യപ്പെടുന്ന വ്യക്തിക്ക് പിന്നെ ഞാൻ 'തനിയെ' എന്ന ചിന്ത ഉണ്ടാകുകയില്ല. ദൈവസ്നേഹം അനുഭവിക്കുന്നവർക്ക് അത് വറ്റിപ്പോകാത്ത ഉറവയാണ്. സ്നേഹത്തിനുവേണ്ടിയുള്ള ദാഹം പിന്നീട് ഉണ്ടാകുകയില്ല. യഥാർഥ സ്നേഹം ദൈവത്തിൽ നിന്നും പ്രാപിച്ചവർ ദൈവ സ്നേഹം പങ്കിടുന്നതിന് ശക്തരായിത്തീരുന്നു.

ഒറ്റപ്പെടുത്തപ്പെട്ടവരെ ശ്രദ്ധിക്കുവാൻ നമ്മൾ ശ്രമിക്കണം. നാം അവരോട് സംസാരിക്കുന്നതിനും കൂട്ടുകൂടുന്നതിനും ശ്രമിക്കണം. തഴയപ്പെടുന്നവർക്ക് ഒരു പ്രോത്സാഹനമായിത്തീരുവാൻ കഴിയേണ്ടതിന് ആഗ്രഹിക്കുക. നിങ്ങളുടെ പ്രോത്സാഹനവും സ്നേഹത്തോടുള്ള സമീപനവും പലരേയും അവരുടെ ഉൾവലിയുടെ കീഴിൽ നിന്നും മോചിപ്പിക്കുവാനും ഉള്ളിൽ ഒരുക്കുന്ന വേദനയിൽനിന്നും വിടുവിക്കുവാനും കഴിയും. പലരുടെയും മുഖത്ത് പുഞ്ചിരി വിടർത്തുവാൻ നിങ്ങൾ നൽകുന്ന പുഞ്ചിരിക്ക് കഴിയും എന്ന് മറക്കാതിരിക്കുക.

മനസ്സ് തുറന്നൊന്ന് സംസാരിക്കുവാൻ ആരെയും കിട്ടാത്തതിനാൽ മനസ്സിന്റെ വിഷമങ്ങളാൽ വ്യസനിച്ച് കഴിയുന്നവർ അനേകർ നമുക്ക് ചുറ്റും ഉണ്ട്. പ്രത്യേകാൽ വാർധക്യത്തിലേക്ക് കടന്നിരിക്കുന്നവർ! തിരക്കുകളുടെ ലോകത്ത് വ്യാപൃതരായിരിക്കുന്ന നാം പലപ്പോഴും ഇവരെ മറന്നുപോകുന്നു. കുറച്ച് സമയം അവരോട് വർത്തമാനം പറഞ്ഞിരിക്കാൻ നമ്മുടെ തിരക്കുകൾ നമ്മെ അനുവദിക്കുന്നില്ല. പതിയെ പതിയെ നാമും ഒരു ഏകാന്തതയുടെ ലോകത്തിലേക്കാണ് നടന്നടുത്തുകൊണ്ടിരിക്കുന്നത് എന്ന് തിരിച്ചറിയണം. അതിനാൽ സമയം കണ്ടെത്തി വാർധക്യത്തിൽ ആയിരിക്കുന്നവരെ കാണുവാനും സംസാരിക്കുവാനും ദൈവീക ചിന്തകൾ പങ്കിടുവാനും പ്രാർഥിക്കുവാനും ഒക്കെ ഉത്സാഹിക്കണം. രോഗികളും ബലഹീനരുമായവരെ കാണുവാനും പ്രാർഥിക്കുവാനും നാം സമയം കണ്ടെത്തണം. മറ്റുള്ളവർക്ക് ആശ്വാസമാകേണ്ടതിന് നമുക്ക് ഓരോരുത്തർക്കും ദൈവം കൃപ നൽകട്ടെ! •



ജോൺ തോമസ്

# ദൈവസഭയുടെ പ്രാർഥന

***ഇങ്ങനെ പത്രോസിനെ തടവിൽ സൂക്ഷിച്ചു വരുമ്പോൾ സഭ ശ്രദ്ധയോടെ അവനു വേണ്ടി ദൈവത്തോട് പ്രാർഥന കഴിച്ചു പോന്നു (അപ്പൊസ്തല പ്രവൃത്തികൾ 12 : 5).***

സഭ ദൈവത്തിന്റെ ആട്ടിൻകൂട്ടമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ചങ്കിലെ ചോരയാൽ വീണ്ടെടുക്കപ്പെട്ട ജനമാണ്. പഴയനിയമസഭയെക്കുറിച്ച് ദൈവം പറയുന്നത് അവർ എനിക്കൊരു പ്രത്യേക സമ്പത്താണെന്നും, മറ്റൊരു ഭാഗത്ത് അവർ എനിക്കൊരു നിക്ഷേപമാകണെന്നുമാണ്. പുതിയ നിയമത്തിൽ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ടവരാണെന്നും, തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗമാണെന്നും, സ്വന്ത ജനമാണെന്നും, ഉപമാലങ്കാരത്തിൽ സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും, മണവാട്ടിയാണെന്നും, മുന്തിരിത്തോട്ടമാണെന്നും, വിശുദ്ധ മന്ദിരമാണെന്നും തിരുവചനത്തിൽ കാണുന്നു. ഈ സഭ ഭൂമിയിൽ നിന്നുകൊണ്ട് വിളിച്ചാൽ വിളി കേൾക്കുന്നൊരു ദൈവമുണ്ട്, തുറക്കപ്പെടുന്നൊരു സ്വർഗീയവാതിലുണ്ട്, സഭ ദൈവസന്നിധിയിൽ മുട്ടുകുത്തിയാൽ ഏതു വിഷയത്തിനും ഉത്തരമുണ്ട്, ദൈവം നല്കിയ ആത്മിക അധികാരങ്ങൾ ദൈവസഭയ്ക്കുണ്ട് (മത്തായി 18:18). പത്രോസിന്റെ വിടുതലിനുവേണ്ടി പ്രാർഥിച്ച സഭ എങ്ങനെ പ്രാർഥിച്ചു എന്ന് എഴുതിയിരിക്കുന്നത് പ്രത്യേകം കുറിക്കൊള്ളേണ്ടതാണ്.

സഭ ശ്രദ്ധയോടെ പ്രാർഥിച്ചു. പുതിയ നിയമത്തിൽ ശ്രദ്ധയോടെ പ്രാർഥിച്ചു എന്ന പദം മൂന്നു ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത് കാണാം.

1. യേശു കർത്താവ് ഗത്സമനയിൽ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർഥിച്ചു (ലൂക്കോസ് 22 : 44).

2. സഭ ശ്രദ്ധയോടെ പ്രാർഥന കഴിച്ചുപോന്നു (അപ്പൊസ്തല പ്രവൃത്തികൾ 12 : 5).

3. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർഥന വളരെ ഫലിക്കുന്നു (യാക്കോബ് 5 : 16)

ഇവിടത്തെ സാഹചര്യങ്ങൾ നാം മനസ്സിലാക്കിയാൽ വളരെ കഠിനമായ വേദനയുടേയും, കഷ്ടതയുടേയും മനോഭാരങ്ങളുടേയും നടുവിലാണ് ശ്രദ്ധയോടെ പ്രാർഥിച്ചത്. യാക്കോബിന്റെ ലേഖനത്തിൽ കാണുന്ന നീതിമാന്റെ ശ്രദ്ധയോടുള്ള പ്രാർഥനയ്ക്ക് മറ്റൊരു തർജ്ജമയിൽ (Amplified Bible) പറഞ്ഞിരിക്കുന്ന Heart felt (ഹൃദയസ്പർശിയായ), Dynamic (സ്ഫോടനാത്മകമായ) ഈ രണ്ടു പദങ്ങൾ വളരെ അർഥവ്യാപ്തിയുള്ളതാണ്. ശ്രദ്ധയോടുകൂടി പ്രാർഥിക്കുക എന്നു പറഞ്ഞാൽ ഹൃദയ തകർച്ചയോടും ആത്മാവിലുള്ള എരിവോടും കൂടെ പ്രാർഥിക്കുക എന്നാണ് അർഥമാക്കുന്നത്. പത്രോസിന്റെ വിടുതലിനുവേണ്ടി സഭ തകർന്ന ഹൃദയത്തോടും, ഐക്യതയോടും, ആത്മാവിന്റെ ശക്തിയോടും കൂടെ പ്രാർഥിച്ചപ്പോൾ തടവറയിൽ നിന്നും പത്രോസ് വിടുവിക്കപ്പെട്ടു.

ദൈവവചനം ഇപ്രകാരം പറയുന്നു: "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ. മനസ്സ് തകർന്നവരെ അവൻ രക്ഷിക്കുന്നു (സങ്കീർത്തനം 34:18). ദാവീദ് പറയുന്നു "തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കുകയില്ലല്ലൊ" (സങ്കീർത്തനം 51:17). ഇന്ന് നാം പ്രാർഥിക്കുന്നുണ്ടെങ്കിലും ഹൃദയനുറുക്കവും അനുതാപവുമില്ല. അതുകൊണ്ട് പ്രാർഥനയ്ക്കു മറുപടി വരുന്നില്ല, പ്രശ്നപരിഹാരത്തിനായി കോടതിയും പോലീസ് സ്റ്റേഷനും കയറിയിറങ്ങുകയാണ്.

ആത്മാവിലുള്ള പ്രാർഥനയും വളരെ ഫലപ്രദ

മായതാണ്. ഏതുനേരത്തും ആത്മാവിൽ പ്രാർഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പീൻ. (എഫെസ്യർ 6:18). യൂദാ 20 -ാം വാക്യത്തിൽ 'നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മീക വർധനവ് വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർഥിച്ചും' എന്നു നാം കാണുന്നു. "ഞാൻ അന്യഭാഷയിൽ പ്രാർഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർഥിക്കുന്നു. എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു" (1 കൊരിന്ത്യർ 14:14). അപ്പോൾ പരിശുദ്ധാത്മാവിൽ പ്രാർഥിക്കുന്നവർ ചിലപ്പോൾ തങ്ങൾക്ക് അജ്ഞാതമായ കാര്യങ്ങൾക്കായിപ്പോലും തങ്ങളറിയാത്ത വാക്കിലും ഭാഷയിലും പ്രാർഥിച്ചെന്നു വരാം. ആർക്കും തിരിച്ചറിയാൻ കഴിയാത്ത സ്വർഗീയ ഭാഷയിൽ നമുക്കു പ്രാർഥിക്കാൻ കഴിയും. സഭ ആത്മാവിന്റെ ഐക്യതയിലും, ആത്മഭാരത്തോടെയും പ്രാർഥിക്കണം. പാപങ്ങളെ ഏറ്റുപറഞ്ഞ്, ആവശ്യബോധത്തോടെ, പരിശുദ്ധാത്മ പ്രേരിതമായി പ്രാർഥിക്കുമ്പോൾ പരിഹാരമില്ലാത്ത വിഷയങ്ങൾ, സാധ്യതയില്ലായെന്ന് വിധിയെഴുതുന്ന കാര്യങ്ങൾ, വിടുതലില്ലാത്ത വിഷയങ്ങൾക്ക് മറുപടി ഉണ്ടാകും. നാം ഹൃദയ നുറുക്കത്തോടും പരിശുദ്ധാത്മാവിലും പ്രാർഥനയ്ക്കായി മുട്ടു മടക്കുക, ദൈവം ഇന്നും പ്രാർഥന കേൾക്കുന്നു, പ്രവർത്തിക്കുന്നു.

ഇവിടെ പരാമർശിച്ച വിഷയത്തിൽ, സഭ ശ്രദ്ധയോടെ പ്രാർഥിച്ചപ്പോൾ സംഭവിച്ച ചില കാര്യങ്ങൾ:

**1) പത്രോസ് സുഖമായി കാരാഗൃഹത്തിൽ ഉറങ്ങി.**

സഭ ശ്രദ്ധയോടെ പ്രാർഥിച്ചപ്പോൾ പത്രോസ് കാരാഗൃഹത്തിലും സുഖമായി ഉറങ്ങി. ഉറക്കം കെടുത്തുന്ന വിഷയങ്ങൾ നമുക്കുണ്ടാകുമ്പോൾ നീക്കുപോക്കിനുള്ള വഴി ശ്രദ്ധയോടെയുള്ള പ്രാർഥനയാണ്. ഭയവും ആശങ്കയും നിമിത്തം ഉറക്കം നഷ്ടപ്പെടുന്ന എത്രയോ പേരുണ്ട് ഇന്ന്. നാം നമുക്കായിത്തന്നെയും മറ്റുള്ളവർക്കായും പ്രാർഥിക്കുക, തന്റെ ഭക്തന്മാർക്ക് ദൈവം ഉറക്കം നല്കും.

**2) നമുക്ക് കയറി ചെല്ലാൻ പറ്റാത്ത മേഖലകളിൽ ദൈവം തന്റെ ദൂതനെ അയയ്ക്കും.**

പ്രാർഥനയുടെ പിൻബലമുണ്ടായിരുന്ന പത്രോസിനു ദൂതന്റെ പ്രത്യക്ഷതയുണ്ടായപ്പോൾ കാരാഗൃഹത്തിന്റെ പൂട്ടു തുറന്നില്ല, ചങ്ങലയിൽ

**ദൈവത്തിന് നമ്മെക്കുറിച്ച് പ്രതീക്ഷയുള്ളതുപോലെ സാത്താനും നമ്മെക്കുറിച്ച് പ്രതീക്ഷയുണ്ട്. എന്നാൽ സഭ ശ്രദ്ധയോടെ പ്രാർഥിച്ചാൽ സാത്താന്യ പദ്ധതികൾ തകരും**

തൊട്ടുപോലുമില്ല, പട്ടണത്തിന്റെ വാതിൽ വലിച്ചു തുറന്നില്ല എല്ലാം സ്വയമേ സംഭവിച്ചു. ദൂതൻ പത്രോസിന്റെ വിലാപ്പുറത്ത് തട്ടിയപ്പോൾ പത്രോസിന്റെ വിടുതലിന് തടസമായി നിന്ന എല്ലാ മേഖലകളിലും ദൈവശക്തി വ്യാപരിച്ചു. ദൈവശക്തി നമ്മെ തൊട്ടാൽ നാമുമായി ബന്ധപ്പെട്ടു കിടക്കുന്ന എല്ലാ മേഖലകളിലും ദൈവ പ്രവൃത്തി വെളിപ്പെടും.

**3) സാത്താന്യപ്രതീക്ഷകൾ തകരും**

ദൈവത്തിന് നമ്മെക്കുറിച്ച് പ്രതീക്ഷയുള്ളതുപോലെ സാത്താനും നമ്മെക്കുറിച്ച് പ്രതീക്ഷയുണ്ട്. എന്നാൽ സഭ ശ്രദ്ധയോടെ പ്രാർഥിച്ചാൽ സാത്താന്യ പദ്ധതികൾ തകരും, കണക്കു കൂട്ടലുകൾ തെറ്റും, മോർദ്ദെഖായിക്കു വേണ്ടി ഒരുക്കിയ കഴുകുമരം വഴിമാറിപ്പോയതുപോലെ സാത്താന്യ പ്രതീക്ഷകൾ നശിച്ചുപോകും. ആയതിനാൽ നാം സാത്താനെയോ സാത്താന്യ പദ്ധതികളെയോ ഭയക്കുകയല്ല പ്രാർഥനയാൽ ദൈവത്തിലാശ്രയിക്കുകയും ദൈവത്തോടു കൂടുതൽ അടുക്കുകയുമാണു വേണ്ടത്.

**4) പ്രാർഥനയുടെ മറുപടി പ്രാർഥനാമുറിയുടെ വാതില്ക്കൽ വന്നു മുട്ടും.**

സഭ പ്രാർഥിച്ചുകൊണ്ടിരുന്ന വീടിന്റെ പടിപ്പുരവാതില്ക്കൽ പ്രാർഥനയുടെ ഉത്തരമായി പത്രോസ് വന്നു മുട്ടി വിളിച്ചു. ചില വിഷയങ്ങൾക്ക് മറുപടി ഇല്ലാതെ വരുമ്പോൾ 'ഉത്തരം മുട്ടി' യെന്ന് ആളുകൾ സാധാരണ പറയാറുണ്ടല്ലോ. എന്നാൽ ഇവിടെ പ്രാർഥിച്ച ദൈവമക്കളുടെ പ്രാർഥനാമുറിയുടെ വാതിലിൽ 'ഉത്തരം' വന്നു മുട്ടുകയായിരുന്നു എന്നു പറയാം. പ്രാർഥിച്ചവർ വിസ്മയിച്ചുപോയ സംഭവം.

പ്രാർഥനയുടെ ശക്തി നാം തിരിച്ചറിയുക. വ്യക്തിപരമായും, കുടുംബമായും നമുക്കു പ്രാർഥിക്കുകയും ദൈവത്തിൽനിന്നു മറുപടി പ്രാപിക്കയും ചെയ്യാം. എന്നാൽ സഭയുടെ ശ്രദ്ധയോടെയുള്ള പ്രാർഥനയ്ക്കു പ്രത്യേക പ്രാധാന്യം ഉണ്ടെന്നുള്ളതു മറക്കരുത്.

ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ നമുക്കുള്ള കൂട്ടുത്തരവാദിത്തവും ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു.



# മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

## പ്രവാചകനിലും മികച്ചവൻ

**"യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടു കല്പിച്ചു തീർന്നശേഷം അതതു പട്ടണങ്ങളിൽ ഉപദേശിപ്പാനും പ്രസംഗിപ്പാനും അവിടെ നിന്നു പുറപ്പെട്ടുപോയി. യോഹന്നാൻ കാരാഗൃഹത്തിൽ വെച്ചു, ക്രിസ്തുവിന്റെ പ്രവൃത്തികളെക്കുറിച്ചു കേട്ടിട്ടു തന്റെ ശിഷ്യന്മാരെ അയച്ചു: വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കുകയോ, എന്നു അവർ മുഖാന്തരം അവനോടു ചോദിച്ചു. യേശു അവരോടു: കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കയും കാണുകയും ചെയ്യുന്നതു യോഹന്നാനെ ചെന്നു അറിയിപ്പിൻ. എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ എല്ലാം ഭാഗ്യവാൻ എന്നുത്തരം പറഞ്ഞു. അവർ പോയശേഷം യേശു യോഹന്നാനെക്കുറിച്ചു പുരുഷാരത്തോടു പറഞ്ഞുതുടങ്ങിയതു: നിങ്ങൾ എന്തു കാണ്മാൻ മരുഭൂമിയിലേക്കു പോയി? കാറ്റിനാൽ ഉലയുന്ന ഓടയോ? അല്ല, എന്തു കാണ്മാൻ പോയി? മാർദവ വസ്ത്രം ധരിച്ച മനുഷ്യനെയോ? മാർദവ വസ്ത്രം ധരിക്കുന്നവർ രാജഗൃഹങ്ങളിലല്ലോ. അല്ല, എന്തിനു പോയി? ഒരു പ്രവാചകനെ കാണ്മാനോ? അതേ, പ്രവാചകനിലും മികെച്ചവനെ തന്നെ എന്നു ഞാൻ നിങ്ങളോടു പറയുന്നു. "ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയക്കുന്നു; അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും എന്നു എഴുതപ്പെട്ടിരിക്കുന്നവൻ അവൻ തന്നേ"(മത്തായി 11 : 1–10).**

കഴിഞ്ഞ ലക്കങ്ങളിൽ നാം ചിന്തിച്ചു വന്നതു യേശു തന്റെ അപ്പോസ്തലന്മാരായ ശിഷ്യന്മാർക്കു കൊടുത്ത ദൗത്യവും ആ ബന്ധത്തിലുള്ള നിർദ്ദേശങ്ങളുമായിരുന്നല്ലോ. തന്റെ പന്ത്രണ്ടു ശിഷ്യന്മാരോടു കല്പിച്ചു തീർന്നശേഷം ഗലീലനാട്ടിലുള്ള പട്ടണങ്ങളിലെല്ലാം ഉപദേശിക്കുവാനും പ്രസംഗിക്കേണ്ടതിനുമായി പുറപ്പെട്ടു. താൻ ചെന്ന ഇടങ്ങളിലെല്ലാം ജനങ്ങളുടെ നന്മയ്ക്കായി അത്ഭുതങ്ങൾ ചെയ്തു. അനേകം രോഗികൾ സൗഖ്യമായി, ദുഷ്ടാത്മക്കളാൽ പീഡിതരായിരുന്നവർ സ്വതന്ത്രരായി.

ഹേരോദാവു യോഹന്നാൻ സ്നാപകനെ കാരാഗൃഹത്തിൽ ആക്കിയപ്പോൾ ആണ് കർത്താവു കൂടുതൽ ശക്തിയോടെ ഗലീല നാട്ടിലെങ്ങും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചത് (മർക്കോസ് 1 : 14,15). കാരാഗൃഹത്തിൽ ആയിരിക്കുന്ന യോഹന്നാൻ യേശു കർത്താവു ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചു കേട്ടു. അപ്പോൾ യോഹന്നാൻ തന്റെ ശിഷ്യന്മാരെ അയച്ചു ചോദിക്കുകയാണ് – "വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കയോ?'' ഈ ചോദ്യം നമ്മെ അത്ഭുതപ്പെടുത്തുന്നില്ലേ? തീർച്ചയായും!

വരുവാനുള്ളവൻ എന്ന പ്രയോഗം മശിഹായെക്കുറിച്ചാണ്. എല്ലാവരും പ്രതീക്ഷിച്ചിരിക്കുന്ന യഹൂദന്റെ വാഗ്ദത്ത മശിഹാ! വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ അധികാരം നൽകി അയച്ച ദൈവം മശിഹായെ തിരിച്ചറിയുവാനുള്ള അടയാളം യോഹന്നാനു നൽകിയിരുന്നു. അതിനാൽ യേശുവിനെ മശിഹായായി തിരിച്ചറിഞ്ഞ യോഹന്നാൻ അതു പരസ്യമായി സാക്ഷ്യപ്പെടുത്തി. "പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു: ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നതു കൊണ്ടു എനിക്കു മുമ്പനായിത്തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നെ. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും അവൻ യിസ്രായേ

ലിനു വെളിപ്പെടേണ്ടതിനു ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞതു: ആത്മാവു ഒരു പ്രാവുപൊലെ സ്വർഗത്തിൽ നിന്നു ഇറങ്ങിവരുന്നതു ഞാൻ കണ്ടു, അതു അവന്റെ മേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സാനാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു; ആരുടെമേൽ ആത്മാവു ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നേ എന്നു സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു." (യോഹന്നാൻ 1 : 29-34)

ക്രിസ്തുവിനെക്കുറിച്ചു ഇത്ര ആധികാരിക വെളിപ്പാടു ലഭിക്കയും, തിരിച്ചറിഞ്ഞ് ദൈവപുത്രൻ എന്നു സാക്ഷ്യം പറയുകയും ചെയ്ത യോഹന്നാനു എന്താണു ഇത്ര വലിയ സംശയം ഉണ്ടാകാൻ കാരണം?

1. കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട തനിക്കു ഇനി ശുശ്രൂഷ ചെയ്യുവാൻ സ്വാതന്ത്ര്യം ലഭിക്കുവാനുള്ള സാധ്യത ഇല്ലെന്നു താൻ കരുതിയിരിക്കുന്നു. ഒരു പക്ഷെ മരണം തന്നെ അദ്ദേഹം പ്രതീക്ഷിച്ചിരിക്കാം. അതിനാൽ ദൈവം തന്നെ ഭരമേല്പിച്ച ശുശ്രൂഷ - മശിഹായ്ക്കു വഴി ഒരുക്കുന്ന ശുശ്രൂഷ താൻ നിറവേറ്റി എന്നു ഉറപ്പുവരുത്തുവാൻ താൻ ആഗ്രഹിച്ചു.

2. മശിഹാ രാജ്യം സ്ഥാപിക്കും എന്നു ഏതു യഹൂദനും വിശ്വസിച്ചിരുന്നതുപോലെ യോഹന്നാനും പ്രതീക്ഷിച്ചിരിക്കാം. സത്യത്തിനും നീതിക്കും വേണ്ടി നിന്ന തനിക്കു ഉണ്ടായ തിക്താനുഭവത്തിൽ യേശു മൗനം പാലിക്കുന്നതിനാൽ യോഹന്നാനിൽ അതു സംശയം മുളപ്പിച്ചിരിക്കാം. യഥാർത്ഥമായും യേശു തന്നെയാണോ മശിഹാ....?

3. മശിഹാ ആയതിനാൽ ഒരു രാജാവിന്റെ ഗാംഭീര്യത്തോടെ വെളിപ്പെടുന്നതിനു യേശുവിനെ ഉത്സാഹിപ്പിക്കുകയായിരുന്നിരിക്കാം ഇപ്രകാരം ഒരു ചോദ്യത്തിലൂടെ. എന്താണെങ്കിലും യോഹന്നാൻ അല്പം 'ഇടറി' അഥവാ ചഞ്ചലം ഉണ്ടായി എന്നു യേശുകർത്താവിന്റെ വാക്കുകൾ വ്യക്തമാക്കുന്നു.

ഉയർന്ന ആത്മീക നിലവാരത്തിലും വിശ്വാസത്തിലും ആയിരിക്കുമ്പോഴും 'മാനുഷിക ബലഹീനത' ഉണ്ടായിരിക്കും എന്നു യോഹന്നാൻ സ്നാപകന്റെ ചഞ്ചലം വെളിവാക്കുന്നു. കർത്താവിന്റെ മറുപടി യോഹന്നാനെ ഉറപ്പിക്കുന്നതിനു കാരണമായി. ആത്മിക ജീവിതത്തിന്റെ സ്ഥിരതക്കും മുന്നേറ്റത്തിനും പരസ്പര 'പ്രബോധനം' അത്യാവശ്യമാണ്. "നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിനു 'ഇന്നു' എന്നു പറയുന്നേടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ" (എബ്രായർ 3 : 13). ഞാൻ 'തികഞ്ഞവൻ' എന്ന ധാരണ വന്നു പോയാൽ പിന്നെ പഠിക്കുവാനും, പ്രബോധനം സ്വീകരിക്കുവാനും വിമുഖരായിത്തീരും. ഇതു ഏറ്റവും അപകടകരമായതാണ്.

യോഹന്നാനു യേശു നൽകിയ മറുപടി എന്തായിരുന്നു? "യേശു അവരോടു: കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കയും കാണുകയും ചെയ്യുന്നതു യോഹന്നാനെ ചെന്നു അറിയിപ്പിൻ." കർത്താവു നൽകിയ മറുപടി തന്റെ പ്രവൃത്തികളുടെ വിവരണമായിരുന്നു. മശിഹായെ തിരിച്ചറിയേണ്ടതു 'മശിഹായുടെ പ്രവൃത്തികൾ' കണ്ടിട്ടാണ്. മശിഹാ എന്തു ചെയ്യുമെന്നു പ്രവാചകന്മാരാൽ ദൈവം മുമ്പുകൂട്ടി അറിയിച്ചിട്ടുണ്ട്. ആ തിരുവെഴുത്തുകളാണ് മശിഹായുടെ പ്രവൃത്തികൾ തിരിച്ചറിഞ്ഞ് അവനിൽ വിശ്വസിക്കുവാൻ ആധാരമായിട്ടുള്ളത്. 'കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ' എന്നു മുന്നറിയിപ്പു തന്ന കർത്താവു അവരെ തിരിച്ചറിയുവാനുള്ള മാർഗവും പറഞ്ഞുതന്നു. "അവരുടെ ഫലത്താൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം" (മത്തായി 7 : 16), "ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും" (മത്തായി 7 : 20). തന്നെ വിശ്വസിക്കുവാൻ മടിച്ചുനിന്നവരെ കർത്താവു പ്രബോധിപ്പിച്ചതു ശ്രദ്ധിക്കുക - "എനിക്കോ യോഹന്നാന്റെ സാക്ഷ്യത്തിലും വലിയ സാക്ഷ്യം ഉണ്ട്; പിതാവു എനിക്കു അനുഷ്ഠിപ്പാൻ തന്നിരിക്കുന്ന പ്രവൃത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നേ, പിതാവു എന്നെ അയച്ചു എന്നു എന്നെക്കുറിച്ചു സാക്ഷീകരിക്കുന്നു" (യോഹന്നാൻ 5 : 36).

യെശയ്യാവിലൂടെ ദൈവം അരുളിചെയ്തു, "ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വെച്ചിരിക്കുന്നു; ... കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ

കാരാഗൃഹത്തിൽ നിന്നു വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു; ഞാൻ നിന്റെ കൈപിടിച്ചു നിന്നെ കാക്കും; നിന്നെ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവും ആക്കും" (യെശയ്യാവു 42 : 1-7).

യെശയ്യാവിലൂടെ നൽകപ്പെട്ട ദൈവത്തിന്റെ അരുളപ്പാടിന്റെ നിവൃത്തി ആയിരുന്നു യേശുകർത്താവിന്റെ പ്രവൃത്തികൾ. താൻ മശിഹാ തന്നെയാണെന്ന യാഥാർത്ഥ്യം തന്റെ പ്രവൃത്തികളിൽ നിന്നും തിരിച്ചറിയുവാനാണ് യോഹന്നാനു നൽകിയ ഉപദേശം. യേശു പറഞ്ഞതു യോഹന്നാനു തീർച്ചയായും ബോധ്യപ്പെട്ടിട്ടുണ്ടാകണം. മശിഹായെക്കുറിച്ചു യോഹന്നാനുണ്ടായിരുന്ന വെളിപ്പാടിനു മീതെ ഒരു വെളിപ്പാടു ഇതിൽകൂടി കർത്താവു നൽകി എന്നു കരുതാം. അതിനാൽ യോഹന്നാന്റെ അന്ത്യസമയം ഏറ്റവും കൃതാർത്ഥനാകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

റോമൻ സാമ്രാജ്യത്തിൽ നിന്നും യിസ്രായേലിനെ മോചിപ്പിച്ചു രാജ്യം സ്ഥാപിക്കുന്ന 'മശിഹായെ' ആണ് യഹൂദ ജനവും മതാധികാരികളും പ്രതീക്ഷിച്ചത്. എന്നാൽ കർത്താവു തന്നെത്തന്നെ പരിചയപ്പെടുത്തിയതു യെശയ്യാവിലൂടെയുള്ള വചനത്തിന്റെ നിവൃത്തിയായിട്ടാണ്. ആ വേദഭാഗം ശ്രദ്ധിച്ചാലും:

"അവൻ വളർന്ന നസറെത്തിൽ വന്നു ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു. യെശയ്യാപ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു; അവൻ പുസ്തകം വിടർത്തി: "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ടു: ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു. പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരനു തിരികെ കൊടുത്തിട്ടു ഇരുന്നു.... ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി" (ലൂക്കോസ് 4 : 16-21)

മശിഹാ വരുന്നതു യഥാർത്ഥമായും എന്തിനു വേണ്ടി എന്നു തിരുവെഴുത്തു വളരെ വ്യക്തമാക്കിയിരുന്നു എങ്കിലും അതു ഗ്രഹിക്കുവാൻ കഴിഞ്ഞവരില്ലായിരുന്നു. കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാർ പോലും അത്രത്തോളം ഗ്രഹിക്കുവാൻ പ്രാപ്തരായിരുന്നില്ലല്ലോ. യേശുവിന്റെ ക്രൂശീകരണം അവർക്കു മനസ്സിലായതേ ഇല്ല. ഉയിർത്തെഴുന്നേറ്റ കർത്താവ് തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനു അവരുടെ ബുദ്ധിയെ തുറന്നുകൊണ്ടു വചനങ്ങൾ വിവരിച്ചുകൊടുത്തപ്പോളാണ് പലതും അവർക്കു മനസ്സിലായത് (ലൂക്കോസ് 24 : 44, 45) തുടർന്നു പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥന്റെ സഹായത്താലാണ് ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടു ശരിക്കും അവർ പ്രാപിക്കുന്നത്. അതിനാൽ യോഹന്നാനുണ്ടായ ചഞ്ചലം നമുക്കു മനസ്സിലാക്കാവുന്നതേ ഉള്ളൂ.

**യോഹന്നാൻ പ്രവാചകനിലും മികച്ചവനായിരുന്നു എന്നാണ് കർത്താവു സാക്ഷ്യം പറഞ്ഞത്. യഹൂദ മരുഭൂമിയിൽ നിന്നു മാനസാന്തരത്തിനു ആഹ്വാനം കൊടുക്കുന്ന യോഹന്നാന്റെ അടുക്കലേക്കു ജനപ്രവാഹമായിരുന്നു.**

യോഹന്നാന്റെ ശിഷ്യന്മാർ പോയിക്കഴിഞ്ഞപ്പോൾ യേശു യോഹന്നാനെക്കുറിച്ചു പുരുഷാരത്തോടു ശ്ളാഘിച്ചു സംസാരിച്ചു. യോഹന്നാൻ പ്രവാചകനിലും മികച്ചവനായിരുന്നു എന്നാണ് കർത്താവു സാക്ഷ്യം പറഞ്ഞത്. യഹൂദ മരുഭൂമിയിൽ നിന്നു മാനസാന്തരത്തിനു ആഹ്വാനം കൊടുക്കുന്ന യോഹന്നാന്റെ അടുക്കലേക്കു ജനപ്രവാഹമായിരുന്നു. കർത്താവു അവരോടു ചോദിക്കുകയാണ്. നിങ്ങൾ ആരെ കാണുവാനാണ് മരുഭൂമിയിലേക്കുപോയത്. കാറ്റിനാൽഉലയുന്ന ഓട (ഞാങ്ങണ) പോലുള്ള 'ബലഹീനനായ' ഒരാളെ കാണ്മാനായിരുന്നുവോ പോയത്, അതോ മാർദ്ദവ വസ്ത്രം (വിലകൂടിയ വസ്ത്രം) ധരിച്ച ഒരു വ്യക്തിയെയോ? വിലയേറിയ വസ്ത്രം ധരിക്കുന്നവർ രാജകൊട്ടാരത്തിലാണ് ഉള്ളത്. കർത്താവു വീണ്ടും ചോദിച്ചു, "ഒരുപ്രവാചകനെ കാണ്മാനോ? കർത്താവു തന്നെ മറുപടിയും നൽകി, "അതേ പ്രവാചകനിലും മികച്ചവനെ തന്നെ എന്നു ഞാൻ നിങ്ങളോടു പറയുന്നു. മശിഹായുടെ വഴി ഒരുക്കിക്കൊണ്ടുള്ള ശക്തമായ പ്രവചന ശുശ്രൂഷയാണ് യോഹന്നാൻ നിവർത്തിച്ചത്. ദൈവം ഏല്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ നിവർത്തിച്ചു അദ്ദേഹം കൃതാർത്ഥനായി!

# ശിഷ്യത്വവും നേതൃത്വവും

ക്രിസ്തീയ ശിഷ്യത്വം എന്നതിന്റെ സാരാംശം ഒരുവൻ ക്രിസ്തുതുല്യനായി മാറുന്ന പ്രക്രിയ എന്നതാണ്. നമ്മുടെ പ്രവർത്തികൾ, പരസ്പര ബന്ധങ്ങൾ, വൈകാരികത എന്നിവയ്ക്ക് ഇവയിൽ സ്ഥാനമുണ്ട്. നിത്യത ആസ്വദിക്കാൻ കഴിയേണമെങ്കിൽ അതിന് ക്രിസ്തുവിനെ അറിഞ്ഞ് അനുകരിക്കുക എന്നതിലപ്പുറം മറ്റൊരു ജാലവിദ്യയുമില്ല. ദൈവീക ശുശ്രൂഷയിലേക്കു പ്രവേശിക്കുകയും ശിഷ്യത്വത്തിന്റെ പാതയിലൂടെ നടക്കുവാൻ മടിക്കുകയും ചെയ്യുന്നവരിലൂടെ ജന്മംകൊള്ളുന്ന പ്രവർത്തനങ്ങൾ വൈകല്യമുള്ള ശിശുക്കളെപ്പോലെ ആയിരിക്കും. ഉദാഹരണത്തിന് കർത്താവിനെ അനുഗമിക്കാൻ തീരുമാനിച്ച ഒരു ബിസിനസ്സുകാരൻ ശിഷ്യത്വത്തിന്റെ പരിശീലനവും അതിലൂടെ ലഭിച്ച പാകതയുമില്ലാതെ ദൈവീക ശുശ്രൂഷയിലേക്കു പ്രവേശിച്ചാൽ അയാൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഒരു ബിസിനസ്സിന്റെ മുഖച്ഛായ ആയിരിക്കും ദൃശ്യമാകുക. ഇത്തരക്കാർ കർത്താവിന്റെ ശുശ്രൂഷയെ ഒരു വ്യാപാരമോ വ്യവസായമോ ഒക്കെയാക്കി മാറ്റും. അതുപോലെ പരാശ്രയക്കാരനായി ജീവിച്ചു ശീലിച്ച ഒരു ദരിദ്രൻ ശിഷ്യത്വത്തിലൂടെ യേശുക്രിസ്തുവിന്റെ ഭാവം ജീവിതത്തിലേറ്റെടുക്കാതെ ദൈവീക ശുശ്രൂഷയിലേക്കു പ്രവേശിച്ചാൽ എന്തായിരിക്കും ചെയ്യുക എന്ന് പ്രത്യേകിച്ചു വിശദീകരിക്കേണ്ടതില്ലല്ലോ. എങ്ങനെയായിരിക്കും അയാളുടെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ് കണ്ടെത്തുക? ഇല്ലായ്മയുടെയും പരാധീനതയുടെയും വിശദീകരണമായിരിക്കും അത്തരക്കാരുടെ സന്ദേശങ്ങളിൽ മുഴുവൻ. ശിഷ്യത്വം പരിശീലിക്കയും പ്രായോഗികമാക്കുകയും ചെയ്യാത്ത ഒരു ചഞ്ചലചിത്തൻ വിശ്വാസത്തിലായി ശുശ്രൂഷയിലേക്കു വന്നാലും സംശയത്തോടെയുള്ള നിരീക്ഷണങ്ങളും, ചോദ്യങ്ങളും, വാദഗതികളും, അസ്ഥിരതയും ഒക്കെയായി അസ്വസ്ഥമായ പഴയ മാനസീകവസ്ഥയുടെ മറ്റൊരു രൂപമായിരിക്കും. അപവാദങ്ങളും നിരൂപണങ്ങളുമായി നടന്നയാൾ വിശ്വാസിയായിട്ടും ശിഷ്യനായി മാറിയില്ലെങ്കിൽ ദൈവസഭയിലുണ്ടാക്കാൻ പോകുന്ന അരക്ഷിതാവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. ശിഷ്യനാകാൻ ശ്രമിക്കുന്ന ഒരുവനിൽ കർത്താവ് പ്രാഥമികമായി ചെയ്യുന്നത് അവനിൽ രൂപാന്തരവും നിലപാടുകളിൽ മാറ്റവും വരുത്തുകയായിരിക്കും. തൽഫലമായി അവനിൽ ഒരു സ്വഭാവമാറ്റം തന്നെ ഉണ്ടാകും. ഇങ്ങനെ ഉന്നതമായിത്തീർന്ന പുതിയ സ്വഭാവത്തോടെയല്ലാതെ ക്രിസ്തീയ ശുശ്രൂഷകളിൽ പ്രവേശിക്കുന്നത് അപകടകരമായ കാൽവെയ്പായിരിക്കും.

ശിഷ്യത്വത്തിലേക്കു വന്ന നമ്മുടെ ഗുരുവും നേതാവും (Leader) കർത്താവാണ്. ആയതിനാൽ കർത്താവിന്റെ ശിഷ്യരായ നാം ലോകത്തിലെ ഒരു നേതാവിനെയും പിൻപറ്റുന്നവരല്ല. ഒരു മനുഷ്യരിലും നമുക്കു പ്രശംസിക്കാനില്ല, ഒരു മനുഷ്യരെയും പരിധിവിട്ടു പുകഴ്ത്താനുമില്ല. ആരെയെങ്കിലും പരിധിവിട്ടു പ്രശംസിക്കയോ ആരിലെങ്കിലും ആശവെക്കുകയോ അന്ധമായി അനുകരിക്കാൻ ശ്രമിക്കയോ ചെയ്താൽ തെറ്റു പറ്റാനിടയാകും, കാരണം മനുഷ്യർ എപ്പോൾ വേണമെങ്കിലും തെറ്റാം, ഏതിൽ വേണമെങ്കിലും തെറ്റിപ്പോകാം. അവർ ഒരുപക്ഷേ ദൈവസന്നിധിയിൽ ക്രമീകരിക്കപ്പെട്ടാലും അന്ധമായി അനുധാവനം ചെയ്യുന്നവർ അത് അറിയണമെന്നില്ലല്ലോ. സഭയിലെ നേതൃത്വം എന്നത് ലോകപ്രകാരമുള്ള ഒരു വീക്ഷണത്തിൽ അല്ല ദൈവം വിഭാവന ചെയ്തിരിക്കുന്നത്. നേതാക്കളുടെ വകയല്ല അനുയായികൾ എന്നാൽ നേതാക്കൾ അനുയായികൾക്കുള്ളതുമാണ്. ഈ വാക്യം ശ്രദ്ധിച്ചു വായിച്ചാൽ അങ്ങനെയല്ലേ മനസ്സിലാകുന്നത്. "ആകയാൽ ആരും മനുഷ്യരിൽ പ്രശംസിക്കരുത്. സകലവും നിങ്ങൾക്കുള്ളതല്ലോ. പൗലോസോ, അപ്പെല്ലോസോ, കേഫാവോ,... സകലവും നിങ്ങൾക്കുള്ളത്" (1 കൊരിന്ത്യർ 3.21). നടത്തിപ്പുകാർ ദൈവം സഭയ്ക്കു തന്നിരിക്കുന്ന ദാനമാണ്. അപ്പോൾപ്പിന്നെ അവരെ തരംതിരിച്ചു വിലയിരുത്തുകയും പ്രശംസിക്കുകയും ചെയ്യുന്നതിൽ എന്തർഥം? സഭയാം ശരീരം തലയായ ക്രിസ്തുവിനുള്ളതാണ്, ഒരു നേതാവിന്റേതല്ല. നമ്മെ ക്രിസ്തുവിൽ തികഞ്ഞവരാക്കേണ്ടതിന് ശുശ്രൂഷിക്കുവാനും പരിചരിക്കുവാനും വളർത്തുവാനും ദൈവം നിയോഗിച്ചിരിക്കുന്ന ശുശ്രൂഷകർക്ക് വിധേയപ്പെടുകയും അവരെ ചെവിക്കൊള്ളുകയും വേണം. "അവരുടെ വേലനിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്ന് നിങ്ങളോട് അപേക്ഷിക്കുന്നു" (1 തെസ്സ. 5.13) എന്നും വചനം

പറയുന്നു. എന്നാൽ ഗുരുവും കർത്താവും ഒരുവൻ മാത്രം.

ഗുരു കാണുന്നതു കാണുന്നവനാണു ശിഷ്യൻ. യഥാർഥ ഗുരു താൻ കാണുന്നത് അതുപോലെ തന്നെ തന്റെ ശിഷ്യനെയും കാണിക്കുന്നവനായിരിക്കണം. അതായത് അരാം സൈന്യം വന്നു തങ്ങളെ വളഞ്ഞതു കണ്ടു ഭയന്ന ശിഷ്യനു ഏലീശ താൻ കണ്ട ദർശനം കാണിച്ചു കൊടുത്തതുപോലെ. കാര്യങ്ങൾ മറച്ചു വയ്ക്കുന്നവനല്ല നേതാവ്, മറ്റുള്ളവർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നവനായിരിക്കണം. ശിഷ്യന്റെ മനസ്സും കാണുന്നവയെ സ്വീകരിക്കാൻ ഒരുക്കമായിരിക്കണം. യേശു ചെയ്തതും എന്താണ്? തന്റെ ശിഷ്യന്മാരെ കൂടെ കൊണ്ടുനടന്ന് തന്റെ പ്രവർത്തികളെ കാണിക്കയും തന്റെ പ്രമാണങ്ങളെ പഠിപ്പിക്കയും തന്റെ ജീവിതം മാതൃകയായി വെളിപ്പെടുത്തുകയും ചെയ്തു, ദൈവരാജ്യത്തിന്റെ മർമങ്ങളായിരുന്നു ഇവയിലൂടെ യേശു വെളിപ്പെടുത്തിയത്. ഗ്രഹിക്കാൻ പ്രാപ്തിയുള്ള മൂന്നു പേരെ കൂട്ടിക്കൊണ്ടുപോയി തന്റെ തേജസ്സും അവർക്കു കാണിച്ചുകൊടുത്തു.



**റോയി മാർക്കറെ**

## 8 ഈ തലമുറ ദിവ്യദർശനങ്ങൾ കാണണം

വ്യക്തികളെപ്പറ്റി മാത്രമല്ല, ദേശങ്ങളെപ്പറ്റിയും ദൈവം ദിവ്യദർശനങ്ങളിൽ വെളിവ് നൽകുന്നു. ക്ളാസിക്കൽ പ്രവാചകന്മാർക്കൊക്കെ (പുസ്തക രചന നടത്തിയിട്ടുള്ള പ്രവാചകർ) ദൈവം ദേശങ്ങളെപ്പറ്റിയാണു ദർശനം നൽകിയിരുന്നത്. ദൈവം എന്തുകൊണ്ടു മറ്റു വ്യക്തികളെപ്പറ്റിയും ദേശത്തെപ്പറ്റിയുമൊക്കെ ചിലർക്ക് ദർശനം നൽകുന്നു? ഒരു പക്ഷെ ദൂതു ലഭിക്കേണ്ട വ്യക്തികൾക്ക് ദൈവദർശനം താങ്ങാനുള്ള ആത്മശക്തിയില്ലാത്തവരായിരിക്കാം. എന്നാൽ അതു മാത്രമല്ല കാരണം, ദൈവം വ്യക്തിയെപ്പറ്റിയും ദേശത്തെപ്പറ്റിയും നമുക്കു ദർശനം നൽകുന്നത് ആ വ്യക്തിക്കുവേണ്ടി ദേശത്തിനുവേണ്ടി നാം ഇടിവിൽനിന്ന് മധ്യസ്ഥതയണച്ച് പ്രാർഥിക്കാൻ വേണ്ടിയായിരിക്കാം. ശൗലിനെപ്പറ്റി ശമുവേലിനു ദർശനം ലഭിച്ചപ്പോൾ ശമുവേൽ "രാത്രിമുഴുവനും യഹോവയോടു നിലവിളിക്കുക" യായിരുന്നു (1 ശമുവേൽ 15 : 11). അബ്രഹാം സോദോമിനുവേണ്ടി ദൈവസന്നിധിയിൽ മധ്യസ്ഥത അണച്ചു (ഉല്പത്തി 18). ആമോസ് യിസ്രായേലിനുവേണ്ടി ദൈവസന്നിധിയിൽ നിരന്തരമായി മധ്യസ്ഥത അണയ്ക്കുന്നതു ശ്രദ്ധിക്കുക (ആമോസ് 7 : 1–6). ജനത്തെപ്പറ്റി ദൈവദർശനം ലഭിക്കുന്നവർ പ്രവാചകനാണ്. അവർക്കുവേണ്ടി ഇടിവിൽ നില്ക്കുമ്പോൾ അവൻ പുരോഹിതശുശ്രൂഷ ചെയ്യുകയാണ്!

സ്വർഗദർശനം നമ്മുടെ കാഴ്ചപ്പാടുകളെ മാറ്റിമറിക്കും എന്നതിന് ഒരു സംശയവും വേണ്ട. ദൈവദർശനത്തിൽ എവിടേക്കുപോകുന്നു എന്ന് അറിയാതെ ഇറങ്ങി പുറപ്പെട്ട അബ്രഹാം കനാൻ നാട്ടിൽ ചെന്നപ്പോൾ ദൈവം കനാൻ നാട് അവനു കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തു (ഉല്പത്തി 12:7). സ്വാഭാവികമായും കനാൻനാട്അവന്റെ മനസ്സിൽ കടന്നു (ഉല്പത്തി 12 :7,8) എന്നാൽ ഇടയ്ക്ക് ദൈവം അബ്രഹാമിന് ഒരു ദർശനം നൽകി. **അവനുവേണ്ടി ദൈവം സ്വർഗത്തിന്റെ വാതിലുകളെ ഒരു നിമിഷത്തേക്കൊന്നു തുറന്നു കൊടുത്തു. അവൻ അവിടെ കണ്ട കാഴ്ച പിന്നീടൊരിക്കലും അവന്റെ കണ്ണുകളിൽ നിന്നും മാഞ്ഞുപോയിട്ടില്ല. ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ ഒരു പട്ടണമായിരുന്നു അവൻ കണ്ടത്** (എബ്രായർ 11 : 10). അത് കണ്ടതുമുതൽ കനാൻ നാടുപോലും അവന് അഭിലഷണീയമായി തോന്നിയില്ല. "അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ കണ്ടതിനാൽ കനാൻ നാട്ടിൽ ഒരു വീടുവെക്കാൻ പോലും അവൻ തുനിഞ്ഞില്ല. കൂടാരങ്ങളിൽ പാർത്തുകൊണ്ട് അവൻ സ്വർഗീയമായ നഗരത്തെ കാത്തിരുന്നു!

ഇന്നത്തെ തലമുറയുടെ പ്രശ്നം ഒരു ദൈവദർശനത്തിന്റെ അഭാവമാണ്. ലോകത്തെ കണ്ട് സ്വപ്നങ്ങളിൽ പോലും ലോകമൊഴികെ മറ്റൊന്നുമില്ലാത്ത തലമുറയ്ക്ക് അത്യന്താപേക്ഷിതമായിരിക്കുന്നത് ദിവ്യദർശനങ്ങളാണ്. ദിവ്യദർശനങ്ങൾ കണ്ട യെഹെസ്കേലിന് യഹോവയുടെ അരുളപ്പാടു ലഭിച്ചു. അവന്റെ മേൽ യഹോവയുടെ കൈവന്ന് അവനെ നിയന്ത്രിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്തു.

കാര്യങ്ങൾ തന്നോടു ചേർന്നിരുന്നു ചോദിച്ചറിയുന്നതും സ്വർഗീയ പിതാവെന്ന നിലയിൽ കർത്താവിനിഷ്ടമാണ്. യോഹന്നാൻ അപ്പോസ്തലൻ യേശുവിന്റെ മാർവ്വോടു ചേർന്നിരുന്നു ചോദിച്ച കാര്യങ്ങൾക്ക് മറുപടി കിട്ടിയല്ലോ (യോഹന്നാൻ 13:21-26, സദൃശ്യം 25:2). സഹനശക്തിയും ദൈവത്തിലുള്ള നമ്മുടെ ആശ്രയവും വർധിപ്പിക്കുക എന്നു തുടങ്ങി ഈ പട്ടിക നീളും.

**ചില മുൻകരുതലുകൾ**

ദൈവഹിതത്തോടു പ്രതികരിക്കുമ്പോൾ നാം നമ്മുടെ ചില നിലപാടുകളും സമീപന രീതികളും മാറ്റേണ്ടതായിവരും. ദൈവഹിതത്തെപ്പറ്റി ആളുകൾ പലപ്പോഴും പരാമർശിക്കുന്നത് ഒരു നെടുവീർപ്പിന്റെ അകമ്പടിയോടെയും ഒരു ത്യാഗത്തിനുള്ള ഒരുമ്പെടൽ പോലെയുമായിരിക്കും. ദൈവഹിതത്തിനു സമർപ്പിക്കുന്ന പാട്ടുകളുടെ ട്യൂൺ മിക്കപ്പോഴും ദുഃഖസാന്ദ്രമായിരിക്കും. എന്തോ നഷ്ടത്തിനോ ദോഷത്തിനോ ഉള്ള പുറപ്പാടാണിത് എന്ന തോന്നലുളവാക്കുകയാണ്. ഈ സാഹചര്യങ്ങളിലെല്ലാം ദോഷമായിട്ടെന്തോ സംഭവിക്കാനിരിക്കുന്നതുപോലുള്ള ഒരു ധ്വനിയാണുള്ളത്. യരുശലേമിൽ തനിക്കു കഷ്ടങ്ങൾ നേരിടാനിരിക്കുന്നു എന്ന് പൗലോസിന് ഒരിക്കൽ മുന്നറിയിപ്പു കിട്ടിയല്ലോ. ആയതിനാൽ വിശ്വാസി സമൂഹം, തന്നെ പിന്തിരിപ്പിക്കുവാൻ ആവതു ശ്രമിച്ചെങ്കിലും പൗലോസ് പറഞ്ഞത് "...കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരുശലേമിൽ മരിക്കുവാനും ഞാൻ ഒരുങ്ങിയിരിക്കുന്നു" എന്നായിരുന്നു (അപ്പോ. പ്രവൃത്തി 21.13). ദൈവത്തിന്റെ ഹിതം നമുക്കു ദോഷത്തിനായിട്ടല്ല അതു നല്ലതും തികവുള്ളതും ആയിരിക്കും, അതിനായി സമർപ്പിക്കുന്നതു ജീവിതത്തിൽ ഒരു പദവി ആയിരിക്കും.

**മറ്റൊരു പ്രവണത ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവഹിതം എന്നു കണക്കു കൂട്ടുന്ന രീതിയാണ്. അതു വചനാനുസരണമല്ല. വിശ്വാസികളായ നമ്മുടെ കാര്യത്തിൽ ദൈവം താത്ക്കാലികമായി അനുവദിക്കുന്നതും നമ്മെക്കുറിച്ചുള്ള ആത്യന്തികമായ ദൈവഹിതവും തമ്മിൽ വകതിരിച്ചറിയുവാൻ കഴിയണം. ഉദാഹരണത്തിന്, ലാസറിന് ദീനം വരാനും മരിക്കാനും ദൈവം അനുവദിച്ചു, എന്നാൽ അതായിരുന്നില്ല അവനെക്കുറിച്ചുള്ള ദൈവത്തിന്റെ ആത്യന്തിക പ്ലാൻ.**

അതുപോലെ മറ്റൊരു തെറ്റിദ്ധാരണയാണ് ദൈവഹിതം എപ്പോഴും സന്തോഷകരവും സുഖപ്രദവുമായ അനുഭവങ്ങളുമായി ചേർന്നാണു നിലകൊള്ളുന്നത് എന്ന ധാരണ. കഷ്ടത, ശോധന ഇവയൊന്നും ദൈവം അനുവദിക്കുന്നതല്ല എന്ന തെറ്റിദ്ധാരണ. പക്ഷെ വചനത്തിലെ സംഭവങ്ങൾ അങ്ങനെയല്ലല്ലോ നമ്മെ പഠിപ്പിക്കുന്നത്. നമ്മോടുള്ള തികഞ്ഞ സ്നേഹത്തിൽ നമ്മുടെ നന്മ ആഗ്രഹിക്കുന്ന ദൈവം അതിലേക്കു നടത്തുമ്പോൾ ശിക്ഷയും ശിക്ഷണവും ഉണ്ടായെന്നു വരാം.

ചില ആളുകൾക്ക് ജീവിതത്തിന്റെ ഏതെങ്കിലും ചില മേഖലകളിൽ മാത്രം മതി ദൈവഹിതം. അതായത് എന്തു ജോലിചെയ്യണം. ആരെ വിവാഹം കഴിക്കണം തുടങ്ങിയവ, അത്തരം ആകാംഷ ശരിയല്ല. അതു സ്വാർഥമായ ഒരു നിലപാടാണ് അതായത് അബദ്ധത്തിൽ അവസാനിക്കാതെ വിഷയങ്ങൾ ശുഭമായി ഭവിക്കണം അത്ര മാത്രം. ജഡത്തിൽ വിതയ്ക്കുകയും ആത്മാവിൽ കൊയ്യുകയും ചെയ്യുക എന്നത് ശരിയായ ആഗ്രഹമല്ല. അതുപോലെതന്നെ അപകടകരമായ കാര്യമാണ് ദൈവഹിതം അറിഞ്ഞാലും അതു നമ്മുടെ ഇഷ്ടത്തിനു വളച്ചൊടിക്കുക എന്നത്. നമ്മുടെ ഇഷ്ടത്തിലേക്കു ദൈവത്തെ വശീകരിച്ചെടുക്കാമെന്നധാരണ ശരിയല്ല. സ്വർഗസ്ഥപിതാവ് നമ്മുടെ നന്മ ആഗ്രഹിക്കുന്നു. നാം കാണുന്നതുപോലെയല്ല എല്ലാറ്റെയും ആകമാനമായി അറിയുന്ന ദൈവം നമ്മുടെ നന്മയ്ക്കായുള്ളതാണ് കല്പിക്കുന്നത്. യിസ്രായേൽ തങ്ങൾക്ക് ഒരു രാജാവിനെ ചോദിച്ചതിലെ തെറ്റു തന്നെ ഉദാഹരണം. അവരുടെ നിർബന്ധം അവർക്കുതന്നെ ദോഷമായി.

ദൈവമക്കൾ ചിലപ്പോൾ ദൈവഹിതത്തിൽ നിന്നും വ്യതിചലിച്ചുപോകാറുണ്ട്. എന്നാൽ കരുണയുള്ള ദൈവം നമ്മെ മടക്കി തിരുഹിതത്തിലേക്കു നയിക്കും. തെറ്റുകളെ ബോധ്യപ്പെടുത്തുമ്പോൾ ക്രമീകരിച്ച് യഥാസ്ഥാനപ്പെടണം അപ്പോൾ സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കത്തക്കവണ്ണം ദൈവം കാര്യങ്ങളെ ക്രമീകരിക്കും, നഷ്ടങ്ങളെ നികത്തിത്തരും. എന്നാൽ മറുത്തു മത്സരിച്ചു വ്യതിചലനം തുടർന്നാൽ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരും. വൈകി വരുന്ന മാനസാന്തരവും ദൈവം അംഗീകരിക്കും പക്ഷെ ഭവിഷ്യത്തിനെ പൂർണമായി അതിജീവിക്കാൻ കഴിഞ്ഞെന്നു വരില്ല. എത്ര ഉയരത്തിൽനിന്നാണോ വീണത് അതിനു തക്ക ക്ഷതം എല്ലാ അവയവങ്ങൾക്കും സംഭവിക്കും.

# പ്രതിസന്ധികൾക്കുണ്ട് ഒരു മറുപുറം

ഇതു നമ്മൾ വളരെ കേട്ടിട്ടുള്ള, കേട്ടു പഴകിയ ഒരു പ്രസ്താവനയാണ്. കയറ്റത്തിനു ശേഷം ഒര് ഇറക്കം, രാത്രിക്ക് ശേഷം ഒരു പകൽ ഇങ്ങനെ ഇതേ അർഥം ധ്വനിപ്പിക്കുന്ന പല പ്രയോഗങ്ങളുമുണ്ട് ഭാഷയിൽ. ഉപദേശിക്കാനും ഗുണദോഷിക്കാനും ഇത്തരം പ്രയോഗങ്ങൾ നല്ലതാണ്. പ്രതിസന്ധികളെ അതിജീവിച്ചതിന് ഉദാഹരണമായി എടുത്തു കാട്ടാൻ ദാവീദും ഇയ്യോബുമൊക്കെ മാതൃകകളായി വചനത്തിന്റെ താളുകളിൽ മരിച്ചതറിയാതെ ഇന്നും ജീവിക്കുന്നു. ആളുകൾ എത്ര ആശ്വസിപ്പിച്ചാലും എത്ര ധൈര്യം പകർന്നാലും പ്രതിസന്ധികളിലൂടെ കടന്നു പോകുന്നവർക്ക് സ്വന്തം ജീവിതത്തിലേക്ക് അരിച്ചിറങ്ങുന്ന ബോധ്യങ്ങളായി ഇവ മാറിയാലേ പ്രയോജനമുണ്ടാകൂ. ഉച്ചഭാഷിണിയിലൂടെ വികാരനിർഭരമായി ചൊരിയുന്ന പ്രഭാഷണങ്ങൾക്കോ, വ്യക്തിപരമായി പറയുന്ന സാന്ത്വന വാക്കുകൾക്കോ അർഥമുണ്ടാകുന്നത് ആ പ്രതിസന്ധികളുടെ മറുപുറത്തേക്ക് അവരെ കൈപിടിച്ചു നടത്തിക്കൊണ്ടു പോകുന്ന തുണയാളികൾ ഉണ്ടാകുമ്പോഴാണ്. നമ്മുടെ മരണവീടുകളിലെ സാന്ത്വനങ്ങൾ പലപ്പോഴും സെമിത്തേരിയിൽനിന്നും അവരെ കൈപിടിച്ച് വീടുകളിൽ എത്തിക്കുന്നതോടെ അവസാനിക്കുന്നതാണ് മിക്കയിടത്തും കാണുന്നത്. കൈപിടിക്കുന്ന കൂട്ടാളിയാകാൻ കെല്പും മനസ്സുമുള്ളവരുടെ സാന്നിധ്യം പിന്നെയും അവിടെ ആവശ്യമാണ്. സാന്ത്വനങ്ങളോ സാമീപ്യമോ പ്രസക്തമല്ലാത്തയിടത്ത് ഒരു നടപടിപോലെ എന്തെങ്കിലും ചെയ്യണമെന്നല്ല. സാഹചര്യങ്ങളെ വിവേചിച്ചറിയാൻ നമുക്കു പ്രാപ്തിയുണ്ടല്ലോ. മാറാരോഗത്തിന്റെ കാഠിന്യത്തിലൂടെയും, അവഗണനയുടെ താഴ്വാരങ്ങളിലൂടെയും മറ്റും തപ്പിത്തടയുന്നവർക്കും വേണം ഈ കൈത്താങ്ങ്.

ദുർഘടങ്ങളുള്ള ദീർഘദൂര യാത്രകൾ തനിയെ ആയാൽ ആരും തളരും. വൈഷമ്യങ്ങൾ ഏറെയുള്ള ആത്മിക യാത്രയിൽ ഒപ്പം നടക്കാൻ കരുത്തനായ കർത്തൻ കൂടെയുള്ളതാണ് നമ്മുടെ ധൈര്യം. ബലമുള്ള ആ കരങ്ങളിൽ പിടിച്ചാൽ, ധൈര്യപ്പെടുത്തുന്ന ആ വാക്കുകൾ കേട്ടാൽ തളരാതെയും തകരാതെയും നാം ലക്ഷ്യസ്ഥാനത്തെത്തും. കർത്താവിന്റെ ഈ മഹൽ സാന്നിധ്യം ആളുകൾക്കു ബോധ്യപ്പെടുന്ന ശക്തമായ ഒരു ഉപാധിയാണ് ദൈവത്തിന്റെ മനസ്സുള്ള സഹജീവികളുടെ സഹവാസം. ഏതു പ്രതിസന്ധികൾക്കും അപ്പുറത്തുള്ള നന്മയുടെ നിധി കണ്ടെത്താൻ അവർക്കു നാം തുണയാകണം. ഉള്ളിൽ പരിശുദ്ധാത്മ നിറവും, ജീവിതത്തിൽ ആത്മാവിന്റെ ഫലങ്ങളും, നാവിൽ വചനത്തിന്റെ ശക്തിയുമുള്ളവരാണ് ആ ശുശ്രൂഷ ചെയ്യേണ്ടത്.



കെ.വി. രാജു


Bank Account Details:

SOUTH INDIAN Bank

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
South Indian Bank,
Kanjikuzhy - Kottayam.

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.03.2020

NERVEEDHI MARCH 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും
# ചില ഉത്തമ ഗ്രന്ഥങ്ങൾ







കുടുംബജീവിതത്തിൽ നിങ്ങൾ സന്തുഷ്ടരോ?
നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾക്ക് പരിഹരിക്കാൻ കഴിയുന്നവയാണ്.
ഊഷ്മളതയുള്ള കുടുംബ ബന്ധത്തിന് നിങ്ങൾ
ആഗ്രഹിക്കുന്നു എങ്കിൽ ഇതാ... കുറെ പ്രായോഗിക നിർദ്ദേശങ്ങൾ!

## സുരഭിലഭവനം

അനുഗ്രഹീതവും സന്തുഷ്ടി നിറഞ്ഞതുമായ
കുടുംബജീവിതത്തിന് ആവശ്യമായ പ്രായോഗിക ഉപദേശങ്ങൾ.

### മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു?

**ആ**ശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

## പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും. അനുഗ്രഹീത ദൈവദാസൻ **ജോയ് എം തോമസ്** എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.




**മനുഷ്യജീവിതം പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞതാണ്. എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. ജീവിതപ്രശ്നങ്ങളെ ദൈവാശ്രയത്തോടെ ഫലപ്രദമായി നേരിടുന്നത് എങ്ങനെയെന്ന് ദൈവവചനത്തിന്റെയും നിരവധി ജീവിതാനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ**

**ബ്രദർ ജോയ് എം. തോമസ്**
**"അത്ഭുതത്തിലേക്ക് ഏഴ് ചുവടുകൾ"**
**എന്ന ഈ ചെറുപുസ്തകത്തിലൂടെ നിങ്ങളോട് വിശദീകരിക്കുന്നു.**

**Address for Communication :**

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019
Mob: 08547916678
www.nerveedhi.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.